# കേരള സർക്കാർ

# കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

**www.ksad.kerala.gov.in**

## പാഞ്ഞാൾ ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

**2024-2025**

**കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്**
**ജില്ലാ ഓഡിറ്റ് കാര്യാലയം**
**തൃശ്ശൂർ – 680020**

**ഇ-മെയിൽ: dotsr.ksad@kerala.gov.in**
**ഫോൺ : 0487-2331249**

(രജിസ്റ്റർ ചെയ്തു കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: കെഎസ് എ ടിഎസ്ആർ (പി12)/95/2026

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
തൃശ്ശൂർ – 680020
തീയ്യതി: 11/03/2026
ഇ-മെയിൽ: dotsr.ksad@kerala.gov.in
ഫോൺ: 0487-2331249

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
പാഞ്ഞാൾ ഗ്രാമപഞ്ചായത്ത്

സർ,

**വിഷയം : പാഞ്ഞാൾ ഗ്രാമപഞ്ചായത്തിന്റെ 2024-2025 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.**

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം പാഞ്ഞാൾ ഗ്രാമപഞ്ചായത്തിന്റെ 2024-2025 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച് ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:
1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) ജോയിന്റ് ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്, തൃശൂർ.
3) കാര്യാലയ പകർപ്പ്.

നമ്പർ: കെഎസ് എ ടിഎസ്ആർ (പി12)/95/2026 തീയ്യതി: 11/03/2026

# തൃശൂർ ജില്ലയിലെ പാഞ്ഞാൾ ഗ്രാമപഞ്ചായത്തിന്റെ 2024-2025 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(**1994** ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് **13 , 1996** ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം **18,** (**1994** ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് **215(4)**) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

തൃശൂർ ജില്ലയിലെ പാഞ്ഞാൾ ഗ്രാമപഞ്ചായത്തിന്റെ 2024-2025 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 17-11-2024 മുതൽ 20-01-2026 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, 01-04-2024 മുതൽ 31-03-2025 വരെ വിവിധ അക്കൗണ്ടുകളിൽ നിന്നും നടത്തിയിട്ടുള്ള പണം പിൻവലിക്കൽ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 23 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 5 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. ഓഡിറ്റ് പരാമർശങ്ങൾ 30-01-2026 തിയതിയിലെ ഓഡിറ്റ് സമാപന യോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷമുള്ള പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

## (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

### ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ. റഫി ജോൺ | ഡെപ്യൂട്ടി ഡയറക്ടർ | 22-01-2026 | 30-01-2026 |

### ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി (മുതൽ) | തീയതി (വരെ) |
|---|---|
| 22-01-2026 | 30-01-2026 |

### ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

സബിത എസ്., ഓഡിറ്റ് ഓഫീസർ (ഹ.ഗ്രേ.)
സുധ ഇ.എൻ., അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ
ജീജോ ജോബ്, സീനിയർ ഗ്രേഡ് ഓഡിറ്റർ
രമ്യ കെ.കെ., ഓഡിറ്റർ

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| തങ്കമ്മ വി. | പ്രസിഡന്റ് | 01-04-2024 | 31-03-2025 |
| ആൽഫ്രഡ് സോജൻ | സെക്രട്ടറി | 01-04-2024 | 18-09-2024 |

| | | | |
|---|---|---|---|
| ഖാലിദ് ടി.എ. | സെക്രട്ടറി-ഇൻ-ചാർജ്ജ് | 19-09-2024 | 26-09-2024 |
| എൻ.എം. ഷെരീഫ് | സെക്രട്ടറി | 27-09-2024 | 31-03-2025 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ബേബി വൽസല സി.എൻ. | അസിസ്റ്റന്റ് സെക്രട്ടറി | 01-04-2024 | 18-09-2024 |
| ഖാലിദ് ടി.എ. | അസിസ്റ്റന്റ് സെക്രട്ടറി | 19-09-2024 | 31-03-2025 |
| കൃഷ്ണ വി.ആർ. | കൃഷി ഓഫീസർ | 01-04-2024 | 31-03-2025 |
| സോണി വിൻസന്റ് | അസിസ്റ്റന്റ് എഞ്ചിനീയർ (LID & EW പാഞ്ഞാൾ) | 01-04-2024 | 31-03-2025 |
| ഡോ. രാജേഷ് എം. ബി. | വെറ്ററിനറി സർജ്ജൻ | 01-04-2024 | 31-03-2025 |
| അരുൺകുമാർ പി.എസ്. | വി ഇ ഒ (പൈങ്കുളം സർക്കിൾ) | 01-04-2024 | 31-03-2025 |
| സുജിന | വി ഇ ഒ (കിള്ളിമംഗലം സർക്കിൾ) | 01-04-2024 | 31-10-2024 |
| ഷിൻസ വിൻസന്റ് | വി ഇ ഒ (കിള്ളിമംഗലം സർക്കിൾ) | 01-11-2024 | 31-03-2025 |
| സൗമ്യ എം.എസ്. | ഐ.സി.ഡി.എസ്.സൂപ്പർവൈസർ | 01-04-2024 | 31-03-2025 |
| ജിഷ കെ.ജി. | ഡയറി ഫാം ഇൻസ്ട്രക്ടർ | 01-04-2024 | 31-03-2025 |
| എം.എൻ.ബെർജിലാൽ | പ്രധാനാധ്യാപകൻ, ജി.യു.പി.എസ്.കിള്ളിമംഗലം | 01-04-2024 | 31-03-2025 |
| ഡോ. ദിവ്യ കെ. | മെഡിക്കൽ ഓഫീസർ (എഫ്.എച്ച്.സി.) | 01-04-2024 | 31-03-2025 |
| ഡോ. നിനു രാജു തോട്ടാൻ | മെഡിക്കൽ ഓഫീസർ (ഹോമിയോ) | 01-04-2024 | 31-03-2025 |
| ഡോ. ജിഷ ജേക്കബ് | മെഡിക്കൽ ഓഫീസർ (ആയുർവേദം) | 01-04-2024 | 31-03-2025 |

## ഉള്ളടക്കം


| ക്രമ നം | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ഓഡിറ്റ് സർട്ടിഫിക്കറ്റ് | 1-1 |
| 2 | തുക ചെലവ് ചെയ്ത ഉദ്ദേശ്യം പ്രതിഫലിക്കുന്ന ശീർഷകത്തിൽ ചെലവ് ബുക്ക് ചെയ്തില്ല | 1-1-1 |
| 3 | ചെലവഴിക്കാൻ അവശേഷിക്കുന്ന ഗ്രാന്റ് തുകകളും അവ നിക്ഷേപിച്ചിരിക്കുന്ന ബാങ്ക്/ട്രഷറി അക്കൗണ്ടുകൾ പ്രകാരമുള്ള നീക്കിയിരിപ്പും പൊരുത്തപ്പെടുന്നില്ല | 1-1-2 |
| 4 | കാഷ് ഫ്ലോ പത്രികയിലെ തൻവർഷത്തെ ആകെ ക്യാഷ് ഫ്ലോയും പട്ടികയിൽ മുന്നിരിപ്പും നീക്കിയിരിപ്പും തമ്മിലുള്ള വ്യത്യാസമായി ചേർത്തിരിക്കുന്ന തുകയും പൊരുത്തപ്പെടുന്നില്ല | 1-1-3 |
| 5 | അക്കൗണ്ടിംഗ് ചട്ടങ്ങൾ പ്രകാരമുള്ള എല്ലാ പത്രികകളും വാർഷികകണക്കിൽ ഉൾപ്പെട്ടിട്ടില്ല | 1-1-4 |
| 6 | Prior Period Item-അംഗീകരിക്കപ്പെട്ട വൗച്ചറുകളോ, രേഖപ്പെടുത്തലുകൾക്ക് പിൻബലം നൽകുന്ന വർക്ക് ഷീറ്റുകളോ, ലഭ്യമാക്കിയിട്ടില്ല | 1-1-5 |
| 7 | അക്രൂവൽ സമയത്ത് ഡിമാന്റ് എൻട്രി ഇല്ല | 1-1-6 |
| 8 | ജേണൽ എൻട്രികൾക്കാധാരമായ അനുബന്ധ രേഖകൾ ഇല്ല | 1-1-7 |
| 9 | ലെഡ്ജർ ബാലൻസുകളും ആ ലെഡ്ജറുമായി ബന്ധപ്പെട്ട രജിസ്റ്ററുകളും തമ്മിൽ പ്രതിമാസ പൊരുത്തപ്പെടുത്തൽ നടത്തുന്നില്ല | 1-1-8 |
| 10 | എം.ജി.എൻ.ആർ.ഇ.ജി.എസ്. - വാർഷിക കണക്ക് പ്രകാരമുള്ള ചെലവുതുകകളും ഓഡിറ്റിന് ലഭ്യമാക്കിയ ചെലവു പത്രികയിലെ ചെലവുതുകകളും പൊരുത്തപ്പെടുന്നില്ല | 1-1-9 |
| 11 | ധനകാര്യകമ്മീഷൻ ഗ്രാന്റ് - വാർഷികകണക്കും സുലേഖ ചെലവ് പത്രികയും പൊരുത്തപ്പെടുന്നില്ല | 1-1-10 |
| 12 | ബജറ്റ് | 1-2 |
| 13 | ഫണ്ട് വിനിയോഗം | 1-3 |
| 14 | പദ്ധതി അവലോകനം | 1-4 |
| 15 | തൊഴിലുറപ്പ് പദ്ധതി | 1-5 |
| 16 | ക്ഷേമ പെൻഷൻ | 1-6 |
| 17 | ക്യാഷ് ബാലൻസ് പരിശോധന | 1-7 |
| 18 | ആഭ്യന്തര നിയന്ത്രണം | 1-8 |
| 19 | തൊഴിൽനികുതി ഈടാക്കിയതിലെ അപാകങ്ങൾ | 1-9 |
| 20 | കരാറുകാരിൽ നിന്നും തൊഴിൽനികുതി ഈടാക്കിയിട്ടില്ല | 1-10 |
| 21 | ലേലം അപാകതകൾ | 1-11 |
| 22 | നിലവിലുള്ള കെട്ടിടഭാഗം ഒക്യുപൻസി മാറ്റി ക്രമവത്ക്കരിക്കരിച്ച് വസ്തുനികുതി പുനർനിർണ്ണയിച്ച് ഈടാക്കിയിട്ടില്ല | 1-12 |
| 23 | നിലവിലുള്ള കെട്ടിടം സഞ്ചയ സോഫ്റ്റ് വെയർ പ്രകാരം അസ്സസ്സ്മെന്റ് രജിസ്റ്ററിൽ ഉൾപ്പെടുത്തിയിട്ടില്ല | 1-13 |
| 24 | വസ്തുനികുതി പരിഷ്കരണം- തുടർനടപടികൾ അറിയിക്കേണ്ടതാണ് | 1-14 |
| 25 | തെരുവ് വിളക്ക് മിനിമാസ്റ്റ് ഹൈമാസ്റ്റ് ലൈറ്റുകളുടെ അറ്റകുറ്റപ്പണികൾ നടത്തിപ്പിലെ അപാകങ്ങൾ | 1-15 |
| 26 | തെരുവ് വിളക്കുകൾ പൂർണ്ണമായും മീറ്ററിംഗ് നടത്തിയിട്ടില്ല | 1-16 |
| 27 | ലൈഫ് ഭവന പദ്ധതി - ധനസഹായം കൈപ്പറ്റിയ ഗുണഭോക്താക്കൾ ഭവനനിർമ്മാണം പൂർത്തിയാക്കിയില്ല | 1-17 |
| 28 | പട്ടികജാതി വിദ്യാർത്ഥികൾക്ക് ഫർണിച്ചർ - പ്രൊജക്ട് | 1-18 |

| | | |
|---|---|---|
| | നിർവ്വഹണത്തിലെ അപാകങ്ങൾ- – 3,38,169 രൂപ തടസ്സപ്പെടുത്തുന്നു | |
| 29 | ഹെഡ്മാസ്റ്റർ നടപ്പിലാക്കിയ പ്രൊജക്ടുകൾ - നിർവ്വഹണത്തിലെയും രേഖകളുടെ സൂക്ഷിപ്പിലെയും അപാകങ്ങൾ- 4,00,468 രൂപ തടസ്സപ്പെടുത്തുന്നു | 1-19 |
| 30 | ധനസഹായം കൈമാറിയ ബാങ്ക് അക്കൗണ്ടുകളും അപേക്ഷയോടൊപ്പമുള്ള ബാങ്ക് അക്കൗണ്ടുകളും വ്യത്യസ്തം | 1-20 |
| 31 | ശാരീരിക മാനസിക വെല്ലുവിളികൾ നേരിടുന്ന വിഭാഗക്കാരുടെ വ്യക്തിഗത ആനുകൂല്യങ്ങൾ നൽകുന്നതിന് ശ്രദ്ധിക്കേണ്ടതാണ് | 1-21 |
| 32 | ഹെൽത്ത് ഗ്രാന്റ് വിനിയോഗം-അവലോകനം | 1-22 |
| 33 | ജലജീവൻ മിഷൻ പദ്ധതി അവലോകനം | 1-23 |
| **ഭാഗം 2** | | |
| --- No Records Found --- | | |
| **ഭാഗം 3** | | |
| --- No Records Found --- | | |
| **ഭാഗം 4** | | |
| 1 | മെഡിസെപ്- വിവരശേഖരണം | 4-1 |
| 2 | സംയുക്തപ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം | 4-2 |
| 3 | ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ | 4-3 |
| 4 | മൊബിലൈസേഷൻ അഡ്വാൻസ് | 4-4 |
| 5 | വായ്പ/വായ്പ തിരിച്ചടവ് | 4-5 |
| 6 | സ്ഥിരനിക്ഷേപങ്ങൾ | 4-6 |
| 7 | ഓഡിറ്റ് റിക്കവറി | 4-7 |
| 8 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശങ്ങൾ | 4-8 |
| 9 | ചാർജ്ജ്/സർചാർജ്ജ് നടപടികളുടെ വിവരം | 4-9 |
| 10 | ഓഡിറ്റ് പ്രത്യവലോകനം | 4-10 |
| 11 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകൾ | 4-11 |
| **അനുബന്ധം** | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |
| 3 | വാർഷികകണക്കുകളുടെ സംക്ഷിപ്തം | |

# ഭാഗം -1
# പൊതു അവലോകനം

## 1-1 ഓഡിറ്റ് സർട്ടിഫിക്കറ്റ്

1. കേരള പഞ്ചായത്ത് രാജ് ആക്ട് 1994ലെ സെക്ഷൻ 215(4) പ്രകാരം, കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങൾ 2011, KSAD ഓഡിറ്റ് മാന്വൽ ചാപ്റ്റർ 4.2.1 & 11.3, സംസ്ഥാന ഗവൺമെന്റ്/കേന്ദ്ര ഗവൺമെന്റ്, ധനകാര്യ കമ്മീഷൻ, മറ്റ് ഫണ്ടിംഗ് ഏജൻസികൾ എന്നിവർ കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന മാർഗ്ഗനിർദ്ദേശങ്ങളും പാലിക്കൽ നിർദ്ദേശങ്ങളും അനുസരിച്ച് 28.06.2025 തീയതിയിലെ 2(1)-ാം നമ്പർ കമ്മിറ്റി തീരുമാനം പ്രകാരം തയ്യാറാക്കി 30.06.2025 തീയതിയിൽ പിന്തുണക്കുന്ന ഫോമുകൾക്കൊപ്പം സമർപ്പിക്കപ്പെട്ടിട്ടുള്ള പാഞ്ഞാൾ ഗ്രാമപഞ്ചായത്തിന്റെ മാർച്ച് 2025 അവസാനിച്ച വർഷത്തിലെ റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ്, ഇൻകം & എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ് എന്നിവയും 31.03.2025 തീയതി വരെയുള്ള ബാലൻസ് ഷീറ്റും ഉൾപ്പെടുന്ന സാമ്പത്തിക പ്രസ്താവനകൾ ഞാൻ ഓഡിറ്റ് ചെയ്തിട്ടുണ്ട്. ഈ അക്കൗണ്ടുകൾ തയ്യാറാക്കുന്നത് പഞ്ചായത്ത് രാജ് സ്ഥാപനത്തിന്റെ മാനേജ്മെന്റിന്റെ ഉത്തരവാദിത്തമാണ്. ഫിനാൻഷ്യൽ ഓഡിറ്റിനെ അടിസ്ഥാനമാക്കി ഈ അക്കൗണ്ടുകളെ കുറിച്ച് അഭിപ്രായം പ്രകടിപ്പിക്കുക എന്നതാണ് എന്റെ ഉത്തരവാദിത്തം.

2. C&AG ഓഫ് ഇന്ത്യ പുറപ്പെടുവിച്ച ഓഡിറ്റിംഗ് മാനദണ്ഡങ്ങളും C&AG നൽകിയിട്ടുള്ള പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഫിനാൻഷ്യൽ ഓഡിറ്റിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾക്കും അനുസരിച്ചാണ് ഞാൻ എന്റെ ഫിനാൻഷ്യൽ ഓഡിറ്റ് നടത്തിയിട്ടുള്ളത്. സാമ്പത്തിക പ്രസ്താവനകൾ വസ്തുതാപരമായ തെറ്റിദ്ധാരണകളിൽ നിന്ന് മുക്തമാണോ എന്ന് ന്യായമായ ഉറപ്പ് ലഭിക്കുന്നതിന് ഞാൻ ഓഡിറ്റ് ആസൂത്രണം ചെയ്ത് നടപ്പിലാക്കേണ്ടതുണ്ട് എന്ന് ഈ മാനദണ്ഡങ്ങൾ/മാർഗ്ഗനിർദ്ദേശങ്ങൾ ആവശ്യപ്പെടുന്നു. സാമ്പത്തിക പ്രസ്താവനകളിലെ തുകകളും വെളിപ്പെടുത്തലുകളും പിന്തുണയ്ക്കുന്ന തെളിവുകൾ പരിശോധിക്കുന്നത് ഓഡിറ്റിൽ ഉൾപ്പെടുന്നു. ഉപയോഗിച്ച അക്കൗണ്ടിംഗ് തത്വങ്ങളും ഉണ്ടാക്കിയ സുപ്രധാനമായ എസ്റ്റിമേറ്റുകളും വിലയിരുത്തുന്നതും അക്കൗണ്ടുകളുടെ മൊത്തത്തിലുള്ള അവതരണം വിലയിരുത്തുന്നതും ഓഡിറ്റിൽ ഉൾപ്പെടുന്നു. എന്റെ അഭിപ്രായത്തിന് ന്യായമായ അടിസ്ഥാനം എന്റെ ഓഡിറ്റ് നൽകുമെന്ന് ഞാൻ വിശ്വസിക്കുന്നു.

എനിക്ക് ആവശ്യമായതും ലഭിച്ചതുമായ വിവരങ്ങളുടെയും വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും, അക്കൗണ്ടുകളുടെ ഫിനാൻഷ്യൽ ഓഡിറ്റിന്റെ ഫലമായി എനിക്ക് ലഭിച്ച ഏറ്റവും മികച്ച വിവരങ്ങളും നൽകിയ വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും, അനുബന്ധ റിപ്പോർട്ടിലെ എന്റെ നിരീക്ഷണങ്ങൾക്ക് വിധേയമായി ഞാൻ ഇപ്രകാരം സാക്ഷ്യപ്പെടുത്തുന്നു.

**വിശേഷണങ്ങളോടു കൂടിയ അഭിപ്രായം**

അനുബന്ധ റിപ്പോർട്ടിലെ യോഗ്യമായ അഭിപ്രായത്തിന്റെ അടിസ്ഥാനത്തിൽ വിവരിച്ചിരിക്കുന്ന കാര്യങ്ങൾ ഒഴികെ, അതിലെ മറ്റ് നിരീക്ഷണങ്ങൾക്ക് വിധേയമായി പാഞ്ഞാൾ ഗ്രാമപഞ്ചായത്തിന്റെ 2024-25 വർഷത്തേക്കുള്ള വാർഷിക സാമ്പത്തിക പ്രസ്താവനകൾ സാമ്പത്തിക ഫലത്തേക്കുറിച്ചും സാമ്പത്തിക നിലയെക്കുറിച്ചും സത്യസന്ധവും ന്യായവുമായ ചിത്രം നൽകുന്നു.

**സ്ഥലം : തൃശ്ശൂർ**

**തീയതി :11.03.26**

**ഡെപ്യൂട്ടി ഡയറക്ടർ**

## 1-1-1 തുക ചെലവ് ചെയ്ത ഉദ്ദേശ്യം പ്രതിഫലിക്കുന്ന ശീർഷകത്തിൽ ചെലവ് ബുക്ക് ചെയ്തില്ല

2024-25 വർഷത്തിൽ നടപ്പാക്കിയ പഞ്ചായത്തിന്റെ വിവിധ ഭാഗങ്ങളിൽ ബോട്ടിൽ ബൂത്ത് സ്ഥാപിക്കൽ (പ്രൊ.നം.215/25) എന്ന പ്രൊജക്ട് പ്രകാരം ധനകാര്യ കമ്മീഷൻ ഗ്രാന്റിൽ നിന്നും ചെലവഴിച്ച 1,47,450 രൂപ അനുയോജ്യമായ ആസ്തി ശീർഷകത്തിൽ ബുക്ക് ചെയ്യുന്നതിന് പകരം 251130404 Waste Management -Collection And Sorting Of Plastic Waste എന്ന റവന്യു ശീർഷകത്തിലാണ് ബുക്ക് ചെയ്തിട്ടുള്ളത് (വൗ.നം.42400955/25-02-2025,₹97,215 & വൗ.നം.42401054/21-03-2025,₹50,235). ഇത്തരത്തിൽ മൂലധന ചെലവുകൾക്ക് ഉപയോഗിച്ച തുക സ്ഥാപനത്തിന്റെ റവന്യൂ ചെലവായി

രേഖപെടുത്തുന്നത് Income And Expenditure Account പ്രകാരമുള്ള പ്രവർത്തനഫലം, ബാലൻസ് ഷീറ്റ് പ്രകാരമുള്ള സാമ്പത്തികനില എന്നിവയെ ബാധിക്കുന്നു.

## 1-1-2 ചെലവഴിക്കാൻ അവശേഷിക്കുന്ന ഗ്രാന്റ് തുകകളും അവ നിക്ഷേപിച്ചിരിക്കുന്ന ബാങ്ക്/ട്രഷറി അക്കൗണ്ടുകൾ പ്രകാരമുള്ള നീക്കിയിരിപ്പും പൊരുത്തപ്പെടുന്നില്ല

ബാലൻസ് ഷീറ്റ് ഷെഡ്യൂൾ ബി4- പ്രകാരം പ്രത്യേക ഉദ്ദേശ്യ പദ്ധതികൾക്കായി ലഭിച്ച തുകകളിൽ ചെലവഴിക്കാത്ത തുകകളുടെ നീക്കിയിരിപ്പും ടി തുകകൾ സൂക്ഷിച്ചിട്ടുള്ള ബാങ്ക് അക്കൗണ്ടുകളുടെ നീക്കിയിരിപ്പും തുല്യമാകേണ്ടതുണ്ട്. എന്നാൽ താഴെ ചേർക്കുന്ന പ്രത്യേക ഉദ്ദേശ്യ ഗ്രാന്റുകളുടെ ബി4- ഷെഡ്യൂൾ പ്രകാരമുള്ള നീക്കിയിരിപ്പും ടി ഫണ്ടുകളുടെ ബാങ്ക് അക്കൗണ്ടുകളുടെ ഷെഡ്യൂൾ ബി-17 പ്രകാരമുള്ള നീക്കിയിരിപ്പും പൊരുത്തപ്പെടുന്നില്ല. വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| ശീർഷകം | ഷെഡ്യൂൾ ബി-4 പ്രകാരമുള്ള നീക്കിയിരിപ്പ് | ബാങ്ക് അക്കൗണ്ട് | ഷെഡ്യൂൾ ബി-17 പ്രകാരമുള്ള നീക്കിയിരിപ്പ് |
|---|---|---|---|
| 320200104-Development Fund- Central Finance Commission Grant- Basic Tax | 7,42,906 | HDFC E-GRAMASWARAJ PFMS A/C (50100393257871) | 47,31,432 |
| 320200113-Development Fund- Central Finance Commission Grant- Tied Fund | 40,39,513 | | |
| ആകെ | 47,82,419 | | |
| 320100128 – Mahatma Gandhi National Rural Employment Guarantee Scheme | 39,356 | SBI PANJAL MGNREGS (30378929959) | 39,010 |
| 320300102-Grants, Funds & Contributions For Specific Purposes – Other Government Agencies-Jalanidhi | 1,11,563 | SBI PANJAL JALANIDHI (38263105729) | 1,72,284 |

## 1-1-3 കാഷ് ഫ്ലോ പത്രികയിലെ തൻവർഷത്തെ ആകെ ക്യാഷ് ഫ്ലോയും പട്ടികയിൽ മുന്നിരിപ്പും നീക്കിയിരിപ്പും തമ്മിലുള്ള വ്യത്യാസമായി ചേർത്തിരിക്കുന്ന തുകയും പൊരുത്തപ്പെടുന്നില്ല

ക്യാഷ് ഫ്ലോ സ്റ്റേറ്റ്മെന്റ് പ്രകാരം 2024-25 കാലയളവിലെ "Net Increase In Cash And Cash Equivalents" ആയി രേഖപ്പെടുത്തിയിരിക്കുന്നത് 19,10,086 രൂപയാണ്. എന്നാൽ ഇതേ പത്രികയിൽ 2024-25 കാലയളവിൽ "Net Cash Generated By Operating+Investing+Financing Activity" ആയി

രേഖപ്പെടുത്തിയിരിക്കുന്നത് (-)44,45,934 രൂപയാണ്. അംഗീകരിക്കപ്പെട്ട അക്കൗണ്ടിങ്ങ് സ്റ്റാൻഡേർഡ് പ്രകാരം മേൽ രണ്ടു തുകകളും പൊരുത്തപ്പെടേണ്ടതാണെങ്കിലും പഞ്ചായത്ത് സമർപ്പിച്ച സ്റ്റേറ്റ്മെന്റിലെ രണ്ട് തുകകൾ പൊരുത്തപ്പെടുന്നില്ല.

## 1-1-4 അക്കൗണ്ടിംഗ് ചട്ടങ്ങൾ പ്രകാരമുള്ള എല്ലാ പത്രികകളും വാർഷികകണക്കിൽ ഉൾപ്പെട്ടിട്ടില്ല

വാർഷിക ധനകാര്യപത്രികയിൽ അടിസ്ഥാന അനുപാതങ്ങൾ, അക്കൗണ്ടിന്മേലുള്ള കുറിപ്പുകൾ എന്നിവ ഉൾപ്പെടുത്തിയിട്ടില്ല. (കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങൾ 2011, ചട്ടം 62(ഇ)& (എഫ്)).

## 1-1-5 Prior Period Item-അംഗീകരിക്കപ്പെട്ട വൗച്ചറുകളോ, രേഖപ്പെടുത്തലുകൾക്ക് പിൻബലം നൽകുന്ന വർക്ക് ഷീറ്റുകളോ, ലഭ്യമാക്കിയിട്ടില്ല

190100101-Prior Period Income-Property Tax എന്ന ശീർഷകം മുഖേന വസ്തുനികുതി-(റെസിഡൻഷ്യൽ & നോൺറെസിഡൻഷ്യൽ) (അരിയർ) എന്നീ ശീർഷകങ്ങളിൽ ജേണൽ എൻട്രികൾ മുഖേന ഡിമാന്റ് വർദ്ധിപ്പിച്ചിട്ടുണ്ട്.വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| ശീർഷകം | ജേണൽ വൗ.നം./തീയതി | ഡെബിറ്റ് ചെയ്ത തുക |
|---|---|---|
| 431100102-Receivables For Property Tax On Residential Buildings (Arrears) | 42401572/31-03-2025 | 4,355.00 |
| 431100104- Receivables For Property Tax On Non-Residential Buildings (Arrears) | 42401573/31-03-2025 | 17,446.00 |
| 431100106-Receivables For Service Cess On Property Tax (Arrears) | 42401574/31-03-2025 | 43.00 |

എന്നാൽ ടി ജേണൽ എൻട്രികൾക്ക് അംഗീകരിക്കപ്പെട്ട വൗച്ചറുകളോ, രേഖപ്പെടുത്തലുകൾക്ക് പിൻബലം നൽകുന്ന വർക്ക്ഷീറ്റുകളോ, ഓഡിറ്റിന് ലഭ്യമാക്കിയിട്ടില്ല. ആയതിനാൽ ടി ലെഡ്ജർ പ്രകാരമുള്ള രേഖപ്പെടുത്തലുകൾ നിയമാനുസൃതം ആണെന്നോ കൃത്യമാണെന്നോ ഉറപ്പ് വരുത്തുന്നതിന് സാധിച്ചിട്ടില്ല.

## 1-1-6 അക്രൂവൽ സമയത്ത് ഡിമാന്റ് എൻട്രി ഇല്ല

അക്രൂവൽ അടിസ്ഥാനത്തിലുള്ള വരുമാനങ്ങൾ പ്രതിമാസം സെക്രട്ടറി തയ്യാറാക്കുന്ന സമ്മറി സ്റ്റേറ്റ്മെന്റ്, അസസ്സ്മെന്റ് രജിസ്റ്റർ,അസസ്സ്മെന്റ്/ഡിമാന്റ് നോട്ടീസ് എന്നിവയുടെ അടിസ്ഥാനത്തിൽ പ്രതിമാസ ഡിമാന്റ് ജേണൽ എൻട്രി മുഖേന ചേർക്കേണ്ടതാണ്. (കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങൾ, ചട്ടം 17(2)). പ്രതിമാസം സെക്രട്ടറി തയ്യാറാക്കുന്ന സമ്മറി സ്റ്റേറ്റ്മെന്റിന്റെ അടിസ്ഥാനത്തിൽ തന്നെ ഡിമാന്റ് കുറവ് ചെയ്യൽ/എഴുതി തള്ളൽ/ഇളവ് അനുവദിക്കൽ എന്നിവ ജേണൽ എൻട്രികൾ മുഖേന ചെയ്യേണ്ടതുമാകുന്നു. ഈ രേഖപ്പെടുത്തൽ ജേണൽ വൗച്ചർ, വർക് ഷീറ്റ്, നിയമാനുസൃത അനുമതി എന്നിവയുടെ അടിസ്ഥാനത്തിലായിരിക്കണം ചെയ്യേണ്ടത്. 2024-25 വർഷത്തെ അക്രൂവൽ അടിസ്ഥാനത്തിലുള്ള വസ്തുനികുതി ലെഡ്ജർ പരിശോധിച്ചതിൽ നിന്നും 2024-25 സാമ്പത്തിക വർഷത്തെ ഡിമാന്റ് ഓരോ തവണ മാത്രം രേഖപ്പെടുത്തിയിരിക്കുന്നതായി കാണുന്നു. ഈ ഡിമാന്റ് എൻട്രികൾക്കും സാധുത നല്കുന്ന വൗച്ചറുകളും ഇല്ല. വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| വരുമാന ശീർഷകം | ജേണൽ വൗച്ചർനം./തീയതി | ഒറ്റത്തവണയായി ഡിമാന്റ് രേഖപ്പെടുത്തിയ തുക |
|---|---|---|
| 110100101-Property Tax On Residential Buildings | 42401581/31.03.25 | 22,35,569.00 |

| | | |
|---|---|---|
| 110100102-Property Tax On Non Residential Buildings | 42401582/31.03.25 | 14,30,209.00 |
| 110100104-Service Cess On Property Tax | 42401583/31-03-2025 | 24,228.00 |

ചട്ടത്തിൽ നിർദ്ദേശിച്ച രീതിയിൽ ഡിമാന്റ് നിയമപ്രകാരം ഉത്ഭവിക്കുന്ന സമയത്ത് തന്നെ അക്രൂവൽ രേഖപ്പെടുത്തലുകൾ വരുത്തുന്നതിനും ഡിമാന്റ് എൻട്രികൾ/ഡിമാന്റ് കുറവ് ചെയ്യൽ/എഴുതി തള്ളൽ/ഇളവ് അനുവദിക്കൽ സാധുത നല്കുന്ന വൗച്ചറുകളും അനുബന്ധ രേഖകളും സൂക്ഷിക്കുന്നതിനും നടപടി സ്വീകരിക്കേണ്ടതാണ്.

## 1-1-7 ജേണൽ എൻട്രികൾക്കാധാരമായ അനുബന്ധ രേഖകൾ ഇല്ല

കാഷ് അല്ലെങ്കിൽ ബാങ്ക്/ട്രഷറി അക്കൗണ്ടുകളുമായി ബന്ധമില്ലാത്ത ഇടപാടുകൾ ജേണൽബുക്കിൽ രേഖപ്പെടുത്തേണ്ടതാണ്. (പഞ്ചായത്ത് രാജ് അക്കൗണ്ട്സ് ചട്ടങ്ങൾ 2011. ചട്ടം 7) ജേണൽ വൗച്ചറുകൾ ഉൾപ്പെടെ എല്ലാ വൗച്ചറുകൾക്കും ആധികാരികമായ സാക്ഷ്യപ്പെടുത്തിയ വൗച്ചറുകൾ, വർക്ക്ഷീറ്റുകൾ സാക്ഷ്യപ്പെടുത്തി സൂക്ഷിക്കേണ്ടതാണ്. നിലവിൽ ഇപ്രകാരം ഒരു നിയന്ത്രണം ഇല്ലാതെയാണ് ജേണൽ എൻട്രികൾ രേഖപ്പെടുത്തുന്നത്.

## 1-1-8 ലെഡ്ജർ ബാലൻസുകളും ആ ലെഡ്ജറുമായി ബന്ധപ്പെട്ട രജിസ്റ്ററുകളും തമ്മിൽ പ്രതിമാസ പൊരുത്തപ്പെടുത്തൽ നടത്തുന്നില്ല

ആഭ്യന്തരനിയന്ത്രണം ഫലപ്രദമാക്കുന്നതിന് കൈയ്യെഴുത്തായി സൂക്ഷിക്കുന്ന എല്ലാ വരവ് രജിസ്റ്ററുകളും ഡിമാന്റ് അടിസ്ഥാനത്തിലും പേജ് അടിസ്ഥാനത്തിലും തുക കണക്കാക്കുകയും മാസാന്ത്യത്തിൽ ക്ലോസ് ചെയ്ത് അതാത് ലെഡ്ജറുകളുമായി പൊരുത്തപ്പെടുത്തി ,വർഷാന്ത്യത്തിൽ സംക്ഷിപ്തം രേഖപ്പെടുത്തി,സെക്രട്ടറി സാക്ഷ്യപ്പെടുത്തി സൂക്ഷിക്കേണ്ടതാണ് (കേരള പഞ്ചായത്ത് രാജ് അക്കൌണ്ട് ചട്ടങ്ങൾ 2011,ചട്ടം58(2)(ഇ),(ജി)).നിലവിൽ ഓഡിറ്റിന് ഹാജരാക്കിയ രജിസ്റ്ററുകൾ ഒന്നും തന്നെ പേജ് അടിസ്ഥാനത്തിൽ തുക കണക്കാക്കുകയും ലെഡ്ജറുകളുമായി മാസാന്ത്യ പൊരുത്തപ്പെടുത്തൽ നടത്തുകയും ചെയ്യുന്നില്ല.

## 1-1-9 എം.ജി.എൻ.ആർ.ഇ.ജി.എസ്. - വാർഷിക കണക്ക് പ്രകാരമുള്ള ചെലവുതുകകളും ഓഡിറ്റിന് ലഭ്യമാക്കിയ ചെലവു പത്രികയിലെ ചെലവുതുകകളും പൊരുത്തപ്പെടുന്നില്ല

ഗുണഭോക്താക്കൾക്ക് നേരിട്ടു നൽകുന്നത്, മൂലധനച്ചെലവുകൾ എന്നീയിനങ്ങളിൽ വാർഷിക കണക്ക് പ്രകാരവും എം.ജി.എൻ.ആർ.ഇ.ജി.എസ്. സെക്ഷനിൽ നിന്നും ലഭ്യമാക്കിയ തൊഴിലുറപ്പ് പദ്ധതിയുടെ എം.ഐ.എസ്. പത്രിക പ്രകാരവുമുള്ള തുകകൾ പൊരുത്തപ്പെടുന്നില്ല. വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

<u>വാർഷിക കണക്ക് പ്രകാരം ചെലവ്</u>

| ഹെഡ് കോഡ് | തുക |
|---|---|
| 412010101-Capital Work In Progress | 9,89,355 |
| 415110001-Roads- New Roads | 1,68,33,612 |
| 253100101- Total Poverty Alleviation | 5,28,95,158 |
| ആകെ ചെലവ് | 7,07,18,125 |

<u>എം.ജി.എൻ.ആർ.ഇ.ജി.എസ്. ചെലവുപത്രിക പ്രകാരം ചെലവ്</u>

| ഇനം | തുക |
|---|---|
| ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകിയത് (Unskilled Wages) | 3,92,99,021 |
| Material Cost (Semi Skilled & Skilled Wages) | 3,06,21,505 |
| ആകെ | 6,99,20,526 |

മേൽപട്ടികകൾ പ്രകാരം വാർഷികകണക്കുകൾ പ്രകാരവും എം.ജി.എൻ.ആർ.ഇ.ജി.എസ്. ചെലവ് പത്രിക പ്രകാരവും 7,97,599 രൂപയുടെ (70718125-69920526) വ്യത്യാസമുണ്ട്.

**1-1-10 ധനകാര്യകമ്മീഷൻ ഗ്രാന്റ് - വാർഷികകണക്കും സുലേഖ ചെലവ് പത്രികയും പൊരുത്തപ്പെടുന്നില്ല**

ധനകാര്യ കമ്മീഷൻ ഗ്രാന്റിൽ നിന്നുള്ള ആകെ ചെലവ് വാർഷിക കണക്ക് പ്രകാരവും, സുലേഖ ചെലവ് പത്രിക / ഗ്രാന്റ് സ്റ്റേറ്റ്മെന്റ് പ്രകാരവും വ്യത്യാസപ്പെട്ടിരിക്കുന്നു. വിവരങ്ങൾ താഴെ ചേർക്കുന്നു.

| വാർഷിക ധനകാര്യ പത്രികയിലെ വിവിധ ശീർഷങ്ങൾ പ്രകാരം | | സുലേഖ ചെലവ് പത്രിക പ്രകാരം |
|---|---|---|
| ശീർഷകം | തുക | |
| 160100104-Development Fund-Central Finance Commission- Basic Grant | 35,22,173 | |
| 312100204-Capital Contribution-Development Fund-Central Finance Commission Grant-Basic Tax Grant | 2,47,500 | |
| 160100111-Development Fund-Central Finance Commission Grant- Tied | 49,13,403 | |
| 312100205-Capital Contribution-Development Fund-Central Finance Commission Grant-Performance Grant | 4,81,211 | |
| ആകെ | 91,64,287 | 92,75,056 |
| വ്യത്യാസം | | 1,10,769 |

**1-2 ബജറ്റ്**

| **ബജറ്റ്** | | |
|---|---|---|
| പാസ്സാക്കിയ തിയതി | 07.02.2024 | |
| കമ്മിറ്റി തീരുമാനം | 1(1) | |
| പ്രതീക്ഷിത വരവ് , ചെലവ് എന്നിവ | വരവ് | ചെലവ് |
| | 328275519 | 321365000 |
| **റിവൈസ്ഡ് ബജറ്റ്** | | |
| പാസ്സാക്കിയ തിയതി | 25.03.2025 | |
| കമ്മിറ്റി തീരുമാനം | 1(1) | |
| പ്രതീക്ഷിത വരവ് , ചെലവ് എന്നിവ | വരവ് | ചെലവ് |
| | 288615920 | 287056700 |

**1-3 ഫണ്ട് വിനിയോഗം**

| ഫണ്ടിനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | ലാപ്സായ തുക*/നീക്കിയിരിപ്പ്** |
|---|---|---|---|---|---|
| വികസന ഫണ്ട്-ജനറൽ | 0 | 1,84,80,000 | 1,84,80,000 | 1,78,99,879 | 5,80,121* |
| വികസന ഫണ്ട്-എസ്.സി.പി | 0 | 1,08,17,000 | 1,08,17,000 | 1,01,09,504 | 7,07,496* |
| മെയിന്റനൻസ്, റോഡ് | 0 | 1,62,00,000 | 1,62,00,000 | 1,32,77,758 | 29,22,242* |
| മെയിന്റനൻസ്, നോൺ-റോഡ് | 0 | 1,02,75,000 | 1,02,75,000 | 1,01,19,528 | 1,55,472* |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് (ബേസിക്)(ബാങ്ക്) | 12,39,676 | 32,72,903 (31,14,308 (ഗ്രാന്റ്) + 1,58,595 (പലിശ) | 45,12,579 | 37,69,673 | 7,42,906 ** |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് (ബേസിക്)(ട്രഷറി) | 0 | 4,054 | 4,054 | 0 | 4,054* |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് (ടൈഡ്)(ബാങ്ക്) | 20,94,916 | 68,58,000 | 89,52,916 | 49,13,403 | 40,39,513** |

| | | | | | | |
|---|---|---|---|---|---|---|
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് (ടൈഡ്)(ട്രഷറി) | | 0 | 5,70,431 | 5,70,431 | 4,81,211 | 89,220* |
| ജലനിധി | | 1,11,563 | 0 | 1,11,563 | 0 | 1,11,563** |
| ശുചിത്വം | | 10,782 | 0 | 10,782 | 0 | 10,782** |
| ഹെൽത്ത് ഗ്രാന്റ് (പി.എച്ച്.സി കളെയും സബ് സെന്ററുകളെയും ഹെൽത്ത് & വെൽനെസ്സ് സെന്ററുകളാക്കി മാറ്റൽ) | | 2,42,144 | 6,08,363 (6,02,000 (ഗ്രാന്റ്)+ 6,363 (പലിശ) | 8,50,507 | 1,73,944 | 6,76,563** |
| ഹെൽത്ത് ഗ്രാന്റ് (പി.എച്ച്.സികളിൽ രോഗനിർണ്ണയ സൗകര്യങ്ങൾ ഏർപ്പെടുത്തൽ) | | 8,82,157 | 4,06,352 (3,76,000 ഗ്രാന്റ് + 30,352 (പലിശ)) | 12,88,509 | 3,58,549 | 9,29,960** |
| റൂറൽ ഹൗസിംഗ് | | 15,719 | 566 | 16,285 | 0 | 16,285** |
| കുടിവെള്ള പദ്ധതികൾക്കുള്ള ഗ്രാന്റ് | | 23,25,405 | 78,819 | 24,04,224 | 295 | 24,03,929** |
| മറ്റു സ്കീമുകൾ | | 4,548 | 0 | 4,548 | 4,548 | 0 |
| മറ്റു ഗവണ്മെന്റ് ഏജൻസികൾ | വിമുക്തി | 57,664 | 0 | 57,664 | 0 | 57,664** |
| | ആശ്രയ ബ്ലോക്ക് വിഹിതം | 50,000 | 0 | 50,000 | 0 | 50,000** |
| | അങ്കണവാടി നെയിംബോർഡ് | 60,000 | 0 | 60,000 | 60,000 | 0 |
| | ആയുഷ് ഗ്രാന്റ് | 1,65,431 | 0 | 1,65,431 | 0 | 1,65,431** |
| | ലൈഫ് സംസ്ഥാനവിഹിതം | 21,00,000 | 76,00,000 | 97,00,000 | 76,20,000 | 20,80,000** |
| | തൊഴിലുറപ്പ് മേറ്റുമാർക്ക് ട്രെയിനിംഗ് | 0 | 33,030 | 33,030 | 33,030 | 0 |
| | സ്നേഹാരാമം | 0 | 5,000 | 5,000 | 5,000 | 0 |
| | ദുരിതാശ്വാസ നിധി | 1,00,000 | 0 | 1,00,000 | 1,00,000 | 0 |
| | ആകെ | 25,33,095 | 76,38,030 | 1,01,71,125 | 78,18,030 | 23,53,095** |
| ഐ.സി.ഡി.എസ്. | | 26,28,747 | 14,14,480 | 40,43,227 | 7,27,328 | 33,15,899** |
| സാക്ഷരത | | 10,688 | 0 | 10,688 | 10,688 | 0 |

## 1-4 പദ്ധതി അവലോകനം

2024 -25 ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാ-രം ലഭിച്ചത് (എണ്ണം) | അംഗീക-രിച്ച പദ്ധതി അടങ്കൽ തുക | നടപ്പാക്കി-യത് (എണ്ണം) | നടപ്പാക്കിയ പദ്ധതി ചെലവ് തുക | നടപ്പാക്കിയ പദ്ധതിത്തുകയുടെ ശതമാനം | നടപ്പാക്കിയ പ്രോജക്ടുക-ളുടെ എണ്ണത്തിന്റെ ശതമാനം |
|---|---|---|---|---|---|
| 223 | 17,24,36,679 | 173 | 9,09,46,498 | 52.74 | 77.58 |

## 1-5 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരുപ്പ് |
|---|---|---|---|---|---|
| ഭരണചെലവുകൾ | 11,950 | 17,38,446* | 17,50,396 | 17,11,040* | 39,356 |
| ഗുണഭോക്താകൾക്ക്** നേരിട്ട് നൽകുന്നത് | 0 | 5,28,95,158 | 5,28,95,158 | 5,28,95,158 | 0 |
| മൂലധനച്ചെലവുകൾ** | 0 | 1,78,22,967 | 1,78,22,967 | 1,78,22,967 | 0 |

| | | | | | |
|---|---|---|---|---|---|
| ആകെ | 11,950 | 7,24,56,571 | 7,24,68,521 | 7,24,29,165 | 39,356 |

* ഭരണച്ചെലവുകൾ - തൻവർഷ വരവിനത്തിൽ ലഭിച്ച 17,38,446 രൂപയിൽ 10,570 രൂപ തൊഴിലാളികൾക്ക് അധിക വേതനം നൽകിയത് തിരിച്ചടച്ച തുകയാണ്. ചെലവ് തുകയായ 17,11,040 രൂപയിൽ എം.ജി.എൻ.ആർ.ഇ.ജി.എസ്. സംസ്ഥാന മിഷന്റെ അക്കൗണ്ടിലേക്ക് അടവാക്കിയ 10,224 രൂപയും ഉൾപ്പെടുന്നു.

തൊഴിലുറപ്പു പദ്ധതിയുടെ കാഷ്ബുക്കിൽ തൊഴിലാളികളുടെ അധികവേതനം തിരിച്ചടച്ചത് വരവിലും ടി തുക സംസ്ഥാനമിഷന്റെ അക്കൗണ്ടിലേക്ക് അടവാക്കിയത് ചെലവിലും ഉൾപ്പെടുത്തിയിട്ടില്ല. കാഷ് ബുക്ക് പ്രകാരം ഭരണച്ചെലവുകളിലെ മുൻബാക്കി 11,950 രൂപയും വരവ് 17,27,876 (17,21,473 +6403 (പലിശ)) രൂപയും ചെലവ് 17,00,816 രൂപയും നീക്കിയിരിപ്പ് 39,010 രൂപയുമാണ്.

** ഗുണഭോക്താക്കൾക്ക് നേരിട്ടു നൽകുന്നത്, മൂലധനച്ചെലവുകൾ എന്നീയിനങ്ങളിൽ തൊഴിലുറപ്പ് പദ്ധതിയുടെ എം.ഐ.എസ്. പത്രിക പ്രകാരവും വാർഷിക കണക്ക് പ്രകാരവുമുള്ള തുകകൾ പൊരുത്തപ്പെടുന്നില്ല. അപാകം ഖണ്ഡിക 1-1-9ൽ പരാമർശിച്ചിട്ടുണ്ട്.

## 1-6 ക്ഷേമ പെൻഷൻ

| പദ്ധതിയുടെ പേര് | ചെലവു തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| കർഷകതൊഴിലാളി പെൻഷൻ | 64,74,400 | 375 |
| വിധവാ പെൻഷൻ | 1,90,52,600 | 1196 |
| വാർദ്ധക്യകാല പെൻഷൻ | 3,47,63,200 | 2590 |
| വികലാംഗപെൻഷൻ | 56,09,200 | 364 |
| 50 വയസ്സിന് മേൽ പ്രായമുള്ള അവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷൻ | 30,42,000 | 198 |
| വിധവകളുടെ പെൺമക്കൾക്കുള്ള വിവാഹധനസഹായം | 30,000 | 1 |

## 1-7 ക്യാഷ് ബാലൻസ് പരിശോധന

തൃശ്ശൂർ ജില്ലയിലെ പാഞ്ഞാൾ ഗ്രാമപഞ്ചായത്തിന്റെ 2024-25 വർഷത്തെ ഓഡിറ്റിന്റെ ഭാഗമായി 1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 29.01.2026 തീയതിയിൽ 2.30 PM ന് ബന്ധപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 23,412 രൂപ ക്യാഷ് ബാലൻസിന്റെ കൃത്യത ബോധ്യപ്പെട്ടു.

## 1-8 ആഭ്യന്തര നിയന്ത്രണം

ആഭ്യന്തര നിയന്ത്രണത്തിലെ പോരായ്മകൾ ഈ റിപ്പോർട്ടിലെ ഭാഗം 1-ലെ വിവിധ ഖണ്ഡികകളിലായി ചേർത്തിട്ടുണ്ട്.

## 1-9 തൊഴിൽനികുതി ഈടാക്കിയതിലെ അപാകങ്ങൾ

1994 ലെ കേരള പഞ്ചായത്ത്രാജ് നിയമത്തിലെ വകുപ്പ് 204 പ്രകാരം ഒരു പഞ്ചായത്ത് പ്രദേശത്ത് ഒരു അർദ്ധവർഷത്തിൽ മൊത്തം അറുപത് ദിവസത്തിൽ കുറയാതെ ഇടപാട് നടത്തുന്ന സ്ഥാപനത്തിലെയും പഞ്ചായത്ത് പ്രദേശത്തിനുള്ളിലോ പഞ്ചായത്ത് പ്രദേശത്ത് താമസിച്ചുകൊണ്ട് അതിനു വെളിയിലോ ഒരു തൊഴിലിലോ കലയിലോ ജോലിയിലോ

ഏർപ്പെട്ടിരിക്കുന്നതോ അല്ലെങ്കിൽ ബിസിനസ്സ് നടത്തുകയോ പൊതുവോ സ്വകാര്യമായോ ഉദ്യോഗം വഹിക്കുന്നതോ ആയ ഏതൊരാളുടെയും മേൽ തൊഴിൽ നികുതി ചുമത്താവുന്നതാണ്.

1. 2024-25 സാമ്പത്തിക വർഷത്തെ തൊഴിൽ നികുതി രജിസ്റ്റർ പരിശോധിച്ചതിൻ പ്രകാരം താഴെപ്പറയുന്ന സ്ഥാപനങ്ങളുടെ ജീവനക്കാരുടെ തൊഴിൽ നികുതി ഈടാക്കിയിട്ടില്ല.

| ക്രമ നം. | സ്ഥാപനത്തിന്റെ വിവരങ്ങൾ | അർദ്ധവർഷം |
|---|---|---|
| 1 | ക്ഷീരോല്പാദക സഹകരണ സംഘം, പൈങ്കുളം | ഒന്നാം അർദ്ധവർഷം & രണ്ടാം അർദ്ധവർഷം |
| 2 | ക്ഷീരോല്പാദക സഹകരണ സംഘം, പാഞ്ഞാൾ | ഒന്നാം അർദ്ധവർഷം & രണ്ടാം അർദ്ധവർഷം |
| 3 | പി.എ.എം. ഓഡിറ്റേറിയം, പൈങ്കുളം | രണ്ടാം അർദ്ധവർഷം |
| 4 | ഗൃഹമിത്ര ബിൽഡിംഗ് മെറ്റിരീയൽസ്, കിള്ളിമംഗലം | ഒന്നാം അർദ്ധവർഷം & രണ്ടാം അർദ്ധവർഷം |
| 5 | ഹൈ പവർ മാരുതി സെർവ്വീസ് സെന്റർ, ഉദുവടി | ഒന്നാം അർദ്ധവർഷം & രണ്ടാം അർദ്ധവർഷം |
| 6 | കെ.ജി.എൻ. ഹോളോബ്രിക്സ്, പാഞ്ഞാൾ | ഒന്നാം അർദ്ധവർഷം & രണ്ടാം അർദ്ധവർഷം |

**2. പരിഷ്കരിച്ച നിരക്കിൽ തൊഴിൽ നികുതി ഈടാക്കിയിട്ടില്ല**

തദ്ദേശ സ്വയംഭരണവകുപ്പ് 27.06.2024 തീയതിയിൽ സ.ഉ.(സാധാ.)നമ്പർ 1149/2024/LSGD നമ്പർ ഉത്തരവിലൂടെ ആറാം ധനകാര്യ കമ്മീഷൻ ശിപാർശ ചെയ്ത പ്രകാരം പഞ്ചായത്തുകളിലെ തൊഴിൽ നികുതി സ്ലാബുകൾ പരിഷ്കരിച്ചിരുന്നു. പരിഷ്കരിച്ച തൊഴിൽ നികുതി നിരക്കുകൾക്ക് 2024 രണ്ടാം അർദ്ധ വർഷം ആരംഭിക്കുന്ന ഒക്ടോബർ 1 മുതൽ പ്രാബല്യത്തിലായിട്ടുണ്ട്. എന്നാൽ തൊഴിൽ നികുതി രജിസ്റ്റർ പ്രകാരം താഴെ പറയുന്ന ജീവനക്കാരിൽനിന്നും രണ്ടാം അർദ്ധ വർഷത്തെ തൊഴിൽ നികുതി ഈടാക്കിയപ്പോൾ പുതിയ

നിരക്കിൽ നികുതി ഈടാക്കിയിട്ടില്ല. ടി ജീവനക്കാരുടെ വരുമാനം സംബന്ധിച്ച രേഖകളൊന്നും ഫയലിൽ ലഭ്യമാക്കിയിട്ടില്ല.

| ക്രമ നമ്പർ | സ്ഥാപനം/ജീവനക്കാരന്റെ പേരു വിവരങ്ങൾ | ഈടാക്കിയ നികുതി | ഈടാക്കേണ്ടിയിരുന്ന നികുതി | കുറവ് | രസീത് നം./ തീയതി |
|---|---|---|---|---|---|
| | എ.കെ. ഹോളോബ്രിക്സ്, കിളളിമംഗലം | | | | 1240701695/ 25.11.2024 |
| 1 | സുലൈമാൻ | 120 | 320 | 200 | |
| 2 | കാർത്ത്യായനി | 120 | 320 | 200 | |
| 3 | രാജു | 120 | 320 | 200 | |
| 4 | രവി | 120 | 320 | 200 | |
| | | | **ആകെ** | **800** | |

3. ആറാം ധനകാര്യ കമ്മീഷൻ ശിപാർശ ചെയ്തതിന്റെ അടിസ്ഥാനത്തിൽ പഞ്ചായത്തുകളിലെ തൊഴിൽ നികുതി സ്ലാബുകൾ 27.06.2024 തീയതിയിലെ സ.ഉ. (സാധാ.)നമ്പർ 1149/2024/LSGD നമ്പർ ഉത്തരവ് പ്രകാരം തദ്ദേശ സ്വയംഭരണവകുപ്പ് പരിഷ്കരിച്ചിട്ടുണ്ട്. പരിഷ്കരിച്ച തൊഴിൽ നികുതി നിരക്കുകൾക്ക് 2024 രണ്ടാം അർദ്ധ വർഷം ആരംഭിക്കുന്ന ഒക്ടോബർ 1 മുതൽ പ്രാബല്യത്തിലായിട്ടുണ്ട്. 2024-25 സാമ്പത്തിക വർഷത്തെ ലൈസൻസ് രജിസ്റ്റർ പ്രകാരം ലൈസൻസ് അനുവദിച്ച/പുതുക്കിയ സ്ഥാപനങ്ങളുടെ സ്ഥാപന തൊഴിൽ നികുതി മുൻകൂറായി സ്ഥാപന ഉടമകളിൽ നിന്നും ഈടാക്കിയിട്ടുണ്ട്. ഒന്നാം അർദ്ധവർഷത്തിൽ 300, 450, 600 എന്നീ നിരക്കുകളിൽ തൊഴിൽ നികുതി ഈടാക്കിയിരുന്ന സ്ഥാപന ഉടമകളിൽ നിന്നും രണ്ടാം അർദ്ധവാർഷിക തൊഴിൽ നികുതിയും അതേ നിരക്കിൽ തന്നെയാണ് ഈടാക്കിയിട്ടുള്ളത്. മേൽ ഉത്തരവ് പ്രകാരം രണ്ടാം അർദ്ധ വർഷത്തിൽ നടപ്പിലാക്കേണ്ടിയിരുന്ന പരിഷ്കരണത്തിന്റെ ഭാഗമായുള്ള വർദ്ധിച്ച നിരക്കിലുള്ള നികുതി സ്ഥാപന ഉടമകളിൽ നിന്നും ഈടാക്കിയിട്ടില്ല. 1996-ലെ കേരള പഞ്ചായത്ത് രാജ് (തൊഴിൽ നികുതി) ചട്ടങ്ങളിലെ ചട്ടം 3 പ്രകാരമുള്ള നികുതിയോ, ചട്ടം 5, 6 അനുസരിച്ച് ടേൺഓവറിനെ അടിസ്ഥാനപ്പെടുത്തിയുള്ള നികുതിയോ ഈടാക്കാമെന്നുണ്ടെങ്കിലും തൊഴിൽ നികുതി സ്ലാബ് നിശ്ചയിക്കുന്നതിനുള്ള വരുമാനം സംബന്ധിച്ച് രേഖകളൊന്നും ഓഡിറ്റിന് ലഭ്യമാക്കിയിട്ടില്ല.

ക്രമ നമ്പർ (1) ലെ സ്ഥാപനങ്ങളിലെ ജീവനക്കാരുടെ തൊഴിൽ നികുതിയും, ക്രമ നമ്പർ (2) ലെ സ്ഥാപന ഉടമക്ക് നോട്ടീസ് നൽകി ജീവനക്കാരിൽ നിന്നും രണ്ടാം അർദ്ധവർഷത്തെ പരിഷ്കരിച്ച തൊഴിൽ നികുതിയും ഈടാക്കി ഓഡിറ്റിനെ വിവരം അറിയിക്കേണ്ടതാണ്.

സ്ഥാപന ഉടമകളിൽ നിന്നും വരുമാനം വ്യക്തമാക്കുന്ന രേഖകൾ ലഭ്യമാക്കി തൊഴിൽ നികുതി പരിഷ്കരണം നടപ്പിലാക്കി കൊണ്ട് നികുതി വരുമാനം ഉറപ്പു വരുത്തേണ്ടതാണ്. 1994 ലെ പഞ്ചായത്ത് രാജ് നിയമം, 1996 ലെ തൊഴിൽ നികുതി ചക്രമ നമ്പർ (3) ൽ പരാമർശിച്ചിട്ടുള്ള ചട്ടങ്ങൾ എന്നിവയുടെ അടിസ്ഥാനത്തിൽ തൊഴിൽ നികുതി കൃത്യമായി അസ്സസ്സ് ചെയ്യുന്നതിനും, അസ്സസ്സ് ചെയ്ത നികുതി തുക ഡിമാന്റ് ചെയ്ത് ഈടാക്കുന്നതിനും കാര്യക്ഷമമായ നടപടികൾ ഗ്രാമപഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

(ഓഡിറ്റ് എൻക്വയറി നം. 14/29.01.2026)

**1-10 കരാറുകാരിൽ നിന്നും തൊഴിൽനികുതി ഈടാക്കിയിട്ടില്ല**

ലോക്കൽ ഇൻഫ്രാസ്ട്രക്ച്ചർ ഡിപ്പാർട്ട്മെന്റ് & എഞ്ചിനീയറിംഗ് വിംഗിൽ നിന്നും ലഭ്യമായ രേഖകൾ പ്രകാരം പഞ്ചായത്ത് പരിധിയിൽ 2024-25 സാമ്പത്തികവർഷത്തിൽ വിവിധ മരാമത്ത് പ്രവൃത്തികൾ ഏറ്റെടുത്തു നടത്തിയ ചുവടെ പറയുന്ന കരാറുകാരിൽ നിന്നും തൊഴിൽനികുതി ഈടാക്കിയിട്ടില്ല.

| ക്രമ നം | കരാറുകാരുടെ പേര് |
|---|---|
| 1 | അബ്ബാസ് കെ.എം. |
| 2 | രവിചന്ദ്രൻ എം.ആർ. |
| 3 | ഷീജോമോൻ മാത്യൂ |
| 4 | ഷർജാസ് എ. |
| 5 | എം.എം. ഫൈസ് |
| 6 | സിദ്ദിക്ക് എൻ. |
| 7 | ഉമ്മർ എം.എ. |
| 8 | ഹസ്സൻ ഷമീർ |
| 9 | അബ്ദുൽ കരീം |
| 10 | എ.എം. യൂസഫ് |
| 11 | എ.എം. സുലൈമാൻ |
| 12 | എ.കെ.സൈനുദ്ധീൻ |
| 13 | സുധീഷ് ടി.എസ്. |
| 14 | എം.എം. ഫൈസ് |
| 15 | വെങ്കിട്ടരമണൻ |
| 16 | അബ്ദുൽ റഷീദ് |
| 17 | എ.കെ.സെയ്തലവി |

മേൽ പരാമർശിച്ചിട്ടുള്ള കരാറുകാരിൽ നിന്നും വരുമാനത്തിന് അനുസൃതമായി തൊഴിൽ നികുതി ഈടാക്കി രേഖകൾ ഓഡിറ്റിൽ ഹാജരാക്കേണ്ടതാണ്.

(ഓഡിറ്റ് എൻക്വയറി നം. 14/29.01.2026)

**1-11 ലേലം അപാകതകൾ**

വാർഷിക കണക്ക് പ്രകാരം റസീപ്റ്റ് & പേയ്മെന്റ് RP-5 ഷെഡ്യൂളിലെ 150100110- Sale Of Timber എന്ന ശീർഷകത്തിൽ 32,165 രൂപയും, 150120102 – Receipts From Sale Of Scrap/ Empties And Waste Materials എന്ന ശീർഷകത്തിൽ 1,32,854 രൂപയും, 150120103 – Receipts From Auction Of Obsolete Assets എന്ന ശീർഷകത്തിൽ 8,700 രൂപയും വരവ് രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ ഈയിനത്തിലെ വരവിന്റെ കൃത്യത പരിശോധിക്കുന്നതിനായി ലേലം സംബന്ധിച്ച ഫയലുകളും, ലേല രജിസ്റ്ററും, അനുബന്ധ രേഖകളും ലഭ്യമാക്കിയിട്ടില്ല. വരവിനങ്ങളുടെ വിവരങ്ങൾ കൃത്യവും പൂർണ്ണവുമാക്കി ലേല രജിസ്റ്ററിൽ രേഖപ്പെടുത്തി സൂക്ഷിക്കേണ്ടതും, രേഖകൾ പരിശോധനയ്ക്കായി ഹാജരാക്കേണ്ടതുമാണ്.

(ഓഡിറ്റ് എൻക്വയറി നം.21/29.01.206)

## 1-12 നിലവിലുള്ള കെട്ടിടഭാഗം ഒക്യുപൻസി മാറ്റി ക്രമവത്ക്കരിക്കരിച്ച് വസ്തുനികുതി പുനർനിർണ്ണയിച്ച് ഈടാക്കിയിട്ടില്ല

ഫയൽ നമ്പർ 2485/24 പരിശോധിച്ചതിൻ പ്രകാരം അബ്ദുൾ റഹ്മാൻ, പടിഞ്ഞാറേ പീടികയിൽ ഹൗസ്, പാഞ്ഞാൾ എന്നവരുടെ ഉടമസ്ഥതയിലുള്ള തലപ്പിള്ളി താലൂക്കിലെ പാഞ്ഞാൾ വില്ലേജിലെ 28/A-4, 29/A-7, 29/A-8 എന്നീ സർവ്വേ നമ്പറുകളിൽ ഉൾപ്പെട്ട 612 ച.മീ. പ്ലോട്ടിൽ നിലവിലുള്ള കെട്ടിടത്തിനോട് 45.72 ച.മീ. പാർപ്പിടാവശ്യത്തിനുള്ള കെട്ടിടഭാഗം കൂട്ടിച്ചേർക്കുന്നതിനുള്ള പെർമിറ്റിന് അപേക്ഷിക്കുകയും SC2-BA(294407)/2024 തീയതി 12.09.2024 നമ്പർ പ്രകാരം പെർമിറ്റ് അനുവദിക്കുകയും ചെയ്തിട്ടുണ്ട്. പെർമിറ്റിനായി ഹാജരാക്കിയിട്ടുള്ള പ്ലാൻ പ്രകാരം നിലവിലുള്ള കെട്ടിടത്തിന്റെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| കെട്ടിട നമ്പർ/ വാർഡ് നമ്പർ | കംപ്ലീഷൻ പ്രകാരം ഉപയോഗക്രമം | പെർമിറ്റ് പ്ലാൻ പ്രകാരം വിസ്തീർണ്ണം (ച.മീ) | സഞ്ചയ സോഫ്റ്റ് വെയർ പ്രകാരം വിസ്തീർണ്ണം (ച.മീ) |
|---|---|---|---|
| 15/347 | പാർപ്പിടാവശ്യം | 100.81 G.F. | 75 (പാർപ്പിടാവശ്യം) |
| 15/347 E | വാണിജ്യാവശ്യം | 19.54 G.F. | 13.98 (വാണിജ്യാവശ്യം) |
| 15/347 D | വാണിജ്യാവശ്യം | 19.54 G.F. | 27.09 (വാണിജ്യാവശ്യം) |
| 15/347 C | വാണിജ്യാവശ്യം | 18.83 G.F. | 13.94 (വാണിജ്യാവശ്യം) |
| 15/347 A, B | വാണിജ്യാവശ്യം | 60.91 G.F. | 98.8 (347/A-10.8 – വാണിജ്യാവശ്യം) (347/B – 88 – പാർപ്പിടാവശ്യം) |
| | ആകെ വിസ്തീർണ്ണം | 219.63 | 228.81 |

സഞ്ചയ സോഫ്റ്റ് വെയറിലെ അസ്സെസ്സ്മെന്റ് രജിസ്റ്റർ പ്രകാരം 88 ച.മീ വിസ്തീർണ്ണമുള്ള 15/347 B എന്ന കെട്ടിടഭാഗം പാർപ്പിടാവശ്യം എന്ന ഉപയോഗക്രമത്തിൽ ഉൾപ്പെടുത്തിയാണ് വസ്തു നികുതി നിർണ്ണയിച്ചിരിക്കുന്നത്. എന്നാൽ പെർമിറ്റ് പ്രകാരമുള്ള പ്ലാനിൽ പ്രസ്തുത കെട്ടിടഭാഗം വാണിജ്യാവശ്യം എന്ന ഉപയോഗക്രമത്തിലാണ് ഉൾപ്പെടുത്തിയിട്ടുള്ളത്. മേൽ കെട്ടിടഭാഗത്തിന്റെ ഒക്യുപൻസി മാറ്റി ക്രമവത്ക്കരിച്ച് വസ്തുനികുതി ഈടാക്കിയിട്ടില്ല.

കേരള പഞ്ചായത്ത് രാജ് (കെട്ടിട നിർമ്മാണ) ചട്ടങ്ങൾ 2019, ചട്ടം 3(1)(d) പ്രകാരം സൈറ്റും അതിൽ നിലവിലുള്ള കെട്ടിടങ്ങളും നിയമാനുസൃതമാണെങ്കിൽ മാത്രമേ പുതിയ കെട്ടിടം നിർമ്മിക്കുന്നതിനും നിലവിലുള്ള കെട്ടിടങ്ങളിൽ കൂടിച്ചേർക്കലോ, പരിവർത്തനമോ

നടത്തുന്നതിനും പെർമിറ്റ് അനുവദിക്കാൻ സാധിക്കുകയുള്ളു. 15/347 B എന്ന കെട്ടിടഭാഗത്തിന്റെ ഒക്യുപൻസി മാറ്റി ക്രമവത്ക്കരിക്കാതെയാണ് പുതിയതായി കൂട്ടിച്ചേർത്ത 45.72 ച.മീ. പാർപ്പിടാവശ്യത്തിനുള്ള കെട്ടിടഭാഗത്തിന് പെർമിറ്റ് അനുവദിച്ചിട്ടുള്ളത്.

പെർമിറ്റ് പ്ലാനിന്റെ അടിസ്ഥാനത്തിൽ 15/347, 15/347 A, 15/347 B, 15/347 C, 15/347 D, 15/347 എന്നീ കെട്ടിടഭാഗങ്ങളുടെ ഉപയോഗക്രമം മാറ്റി വസ്തുനികുതി പുനർനിർണ്ണയിച്ച് ഈടാക്കി രേഖകൾ ഓഡിറ്റിൽ ഹാജരാക്കേണ്ടതാണ്.

(ഓഡിറ്റ് എൻക്വയറി നം.15/29.01.2026)

## 1-13 നിലവിലുള്ള കെട്ടിടം സഞ്ചയ സോഫ്റ്റ് വെയർ പ്രകാരം അസ്സസ്സ്മെന്റ് രജിസ്റ്ററിൽ ഉൾപ്പെടുത്തിയിട്ടില്ല

ഫയൽ നമ്പർ 3252/24 പരിശോധിച്ചതിൻ പ്രകാരം പ്രസിഡണ്ട്, അഹമ്മദീയ മുസ്ലീം ജുമ അത്ത്, കിള്ളിമംഗലം എന്നവരുടെ ഉടമസ്ഥതയിലുള്ള തലപ്പിള്ളി താലൂക്കിലെ കിള്ളിമംഗലം വില്ലേജിലെ 29, 29/P-3, 29/P-4 എന്നീ സർവ്വേ നമ്പറുകളിൽ ഉൾപ്പെട്ട 1842 ച.മീ. പ്ലോട്ടിൽ 76.3 ച.മീ. വിസ്തീർണ്ണമുള്ള പ്രത്യേക പാർപ്പിടാവശ്യത്തിനുള്ള കെട്ടിടം നിർമ്മിക്കുന്നതിനായി അപേക്ഷിക്കുകയും SC2-BA(329094)/2024 തീയതി 22.10.2024 നമ്പർ പ്രകാരം പെർമിറ്റ് അനുവദിച്ചിട്ടുണ്ട്. 205 ച.മീ.(Ground Floor - 205 ച.മീ. ) വിസ്തീർണ്ണമുള്ള 6/93 നമ്പർ അസംബ്ലി ഗണത്തിൽപ്പെടുന്ന കെട്ടിടം (മതപരമായ ആവശ്യത്തിന്) പെർമിറ്റ് അപേക്ഷ പ്രകാരം പ്ലോട്ടിൽ നിലവിലുണ്ട്. എന്നാൽ സഞ്ചയ സോഫ്റ്റ്വെയറിലെ അസ്സസ്സ്മെന്റ് രജിസ്റ്ററിൽ 6/93 നം. കെട്ടിടം ഉൾപ്പെട്ടിട്ടില്ല. പഞ്ചായത്തിന്റെ അസ്സസ്സ്മെന്റ് രജിസ്റ്ററിൽ പ്രസ്തുത കെട്ടിടത്തിന്റെ വിസ്തീർണ്ണം സംബന്ധിച്ച രേഖപ്പെടുത്തലുകൾ നടത്തിയിട്ടില്ല.

സ്ഥല പരിശോധന നടത്തി 6/93 നം. കെട്ടിടം സഞ്ചയ സോഫ്റ്റ്വെയർ പ്രകാരമുള്ള അസ്സസ്സ്മെന്റ് രജിസ്റ്ററിൽ ഉൾപ്പെടുത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്. പഞ്ചായത്ത് പരിധിയിലുള്ള എല്ലാ കെട്ടിടങ്ങളും അസ്സസ്സ്മെന്റ് രജിസ്റ്ററിൽ ഉൾപ്പെട്ടിട്ടുണ്ടോ എന്ന് പരിശോധിച്ച് ഉറപ്പ് വരുത്തേണ്ടതാണ്.

(ഓഡിറ്റ് എൻക്വയറി നം.16/29.01.2026)

## 1-14 വസ്തുനികുതി പരിഷ്കരണം- തുടർനടപടികൾ അറിയിക്കേണ്ടതാണ്

2011-ലെ കേരള പഞ്ചായത്ത് രാജ് (വസ്തുനികുതിയും സേവന ഉപനികുതിയും സർച്ചാർജ്ജും) ചട്ടങ്ങളിലെ ചട്ടം 17 ഉപചട്ടം 1 പ്രകാരം ഒരു കെട്ടിടത്തിന്റെ വസ്തുനികുതി നിർണ്ണയിക്കപ്പെട്ട ശേഷം, കെട്ടിടത്തിന്റെ തറ വിസ്തീർണ്ണത്തിലോ, 4-ാം ചട്ടത്തിൽ പരാമർശിക്കുന്ന ഉപയോഗ്ക്രമത്തിലോ, 6-ാം ചട്ടത്തിൽ പരാമർശിക്കുന്ന ഏതെങ്കിലും ഘടകത്തിന്റെ കാര്യത്തിലോ, ഏതെങ്കിലും ഘടകത്തിന്റെ തരത്തിന്റെ കാര്യത്തിലോ കെട്ടിട ഉടമ വരുത്തുന്നതോ അല്ലെങ്കിൽ സ്വയം സംഭവിക്കുന്നതോ ആയ ഏതൊരു മാറ്റവും മുപ്പത് ദിവസത്തിനകം കെട്ടിട ഉടമ രേഖാമൂലം സെക്രട്ടറിയെ അറിയിക്കേണ്ടതും അതോടൊപ്പം 11-ാം ചട്ടപ്രകാരമുള്ള ഒരു പുതുക്കിയ വസ്തുനികുതി റിട്ടേൺ സമർപ്പിക്കേണ്ടതുമാണ്. ചട്ടം 17 ലെ (1)-ാം ഉപചട്ടപ്രകാരമുള്ള തന്റെ ബാദ്ധ്യത, കെട്ടിട ഉടമ നിറവേറ്റാത്തപക്ഷം സെക്രട്ടറിക്ക് അയാളുടെ മേൽ ആയിരം രൂപ അല്ലെങ്കിൽ പുതുക്കിയ വസ്തുനികുതി നിർണ്ണയം മൂലമുണ്ടാകുന്ന നികുതി വർദ്ധനവ്, ഏതാണ് അധികമെങ്കിൽ അത്, പിഴയായി ചുമത്താവുന്നതാണ് (ചട്ടം 17 ഉപചട്ടം (2)). ചട്ടം 17 ഉപചട്ടം (1) പ്രകാരമുള്ള മാറ്റത്തിന്റെ

അടിസ്ഥാനത്തിൽ കെട്ടിടത്തിന്റെ വാർഷിക വസ്തു നികുതി അതത് അർദ്ധവർഷാരംഭം മുതൽ പ്രാബല്യത്തോടെ സെക്രട്ടറി പുനർ നിർണ്ണയിക്കേണ്ടതും, അതിനനുസരിച്ച വസ്തുനികുതി നിർണ്ണയ രജിസ്റ്ററിലും വസ്തുനികുതി ഡിമാന്റ് രജിസ്റ്ററിലും ഭേദഗതികൾ വരുത്തേണ്ടതും കെട്ടിട ഉടമയ്ക്ക് പുതുക്കിയ ഡിമാന്റ് നോട്ടീസ് നൽകേണ്ടതുമാണെന്ന് ചട്ടം 17 ഉപചട്ടം (3) നിഷ്കർഷിക്കുന്നുണ്ട്. ആയതുപ്രകാരം ഗ്രാമപഞ്ചായത്തുകളിൽ വസ്തുനികുതി പരിഷ്കരണം നടത്തുന്നതിനായി സർക്കാർ ഉത്തരവ് നമ്പർ സ.ഉ(കൈ)നം. 77/2023/ത.സ്വ.ഭ.വ., തീയതി 22.03.2023 പ്രകാരം മാർഗ്ഗനിർദേശങ്ങൾ നൽകിയിരുന്നു. പ്രസ്തുത ഉത്തരവ് പ്രകാരം മേൽപ്പറഞ്ഞ കെട്ടിടങ്ങളുടെ ശരിയായ വിവരം ഫീൽഡ് പരിശോധന നടത്തി സോഫ്റ്റ്‌വെയറിൽ ചേർക്കുന്നതിലേയ്ക്കായി ഡിപ്ലോമ (സിവിൽ എഞ്ചിനീയറിംഗ്), ഐ.ടി.ഐ. ഡ്രാഫ്റ്റ്സ്മാന് സിവിൽ, ഐ.ടി.ഐ. സർവ്വേയർ എന്നിവയിൽ കുറയാത്ത യോഗ്യത ഉള്ളവരെ നിയോഗിക്കുന്നതിനും അതത് തദ്ദേശ സ്വയംഭരണ സ്ഥാപന തീരുമാനത്തിന് വിധേയമായി ഒരു കെട്ടിടനമ്പറിന് പരമാവധി 30 രൂപ വീതം തനതുഫണ്ടിൽ നിന്ന് വിനിയോഗിക്കുന്നതിനും സർക്കാർ അനുമതി നൽകിയിരുന്നു. എന്നാൽ ടി ഉത്തരവ് പ്രകാരം ഗ്രാമപഞ്ചായത്തിൽ വസ്തുനികുതി പരിഷ്കരണം കാര്യക്ഷമമാക്കുന്നതിനായി കെട്ടിടങ്ങളുടെ ശരിയായ വിവരം ഫീൽഡ് പരിശോധന നടത്തി സോഫ്റ്റ്‌വെയറിൽ ചേർക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടില്ല. വസ്തു നികുതി പരിഷ്കരണവുമായി ബന്ധപ്പെട്ട ഫീൽഡ്തല പരിശോധന നടത്തുന്നതിനുള്ള വേതന നിരക്ക് വികേന്ദ്രീകൃതാസൂത്രണ കോ-ഓർഡിനേഷൻ സമിതിയുടെ 06.06.2024 തീയതിയിലെ 3.12 നമ്പർ തീരുമാന പ്രകാരം 100 സ്ക്വയർ മീറ്റർവരെ വിസ്തീർണ്ണമുള്ള കെട്ടിടങ്ങൾക്ക് 50 രൂപയായും, 100 സ്ക്വയർ മീറ്റർ മുതൽ 300 സ്ക്വയർ മീറ്റർവരെ വിസ്തീർണ്ണമുള്ള കെട്ടിടങ്ങൾക്ക് 60 രൂപയായും 300 സ്ക്വയർ മീറ്ററിൽ കൂടുതൽ വിസ്തീർണ്ണമുള്ള കെട്ടിടങ്ങൾക്ക് 75 രൂപയായും ഉയർത്തിയിട്ടുണ്ട്.

മേൽ വിഷയവുമായി ബന്ധപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വറിയ്ക്ക് മറുപടിയായി കെട്ടിടങ്ങളുടെ ശരിയായ വിവരം ഫീൽഡ് പരിശോധന നടത്തുന്നതുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ ഫെബ്രുവരിയിൽ ആരംഭിക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്. മേൽ ഉത്തരവ് പ്രകാരമുള്ള വസ്തുനികുതി പരിഷ്കരണ നടപടികൾ സ്വീകരിച്ച് പഞ്ചായത്തിന്റെ തനതുവരുമാനം വർദ്ധിപ്പിക്കുന്നതിനുള്ള സ്വീകരിക്കേണ്ടതാണ്.

(ഓഡിറ്റ് എൻക്വറി നം. 17/29.01.2026)

## 1-15 തെരുവ് വിളക്ക് മിനിമാസ്റ്റ് ഹൈമാസ്റ്റ് ലൈറ്റുകളുടെ അറ്റകുറ്റപ്പണികൾ നടത്തിപ്പിലെ അപാകങ്ങൾ

| പ്രോജക്റ്റ് നമ്പർ | അടങ്കൽ | ചെലവ് |
|---|---|---|
| പ്രോജക്റ്റ് -50/25 | 4,00,000 (സിഎഫ് സി)<br>5,00,000 (വികസനഫണ്ട്)<br>4,00,000 (തനതുഫണ്ട് ) | 6,52,500<br>(₹1,52,500 (വൗ.നം.42400925/15-02-25),<br>₹2,65,754 (വൗ.നം.42401272/15-01-25)<br>₹2,34,246 |

| | | |
|---|---|---|
| | 13,00,000 | ( വൗ.നം.42401274/16-01-25), |

സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥനായി 2024-25 വർഷത്തെ സ്ട്രീറ്റ് ലൈറ്റ് അറ്റകുറ്റപ്പണി നടത്തുന്നതിനു കുറഞ്ഞ നിരക്ക് രേഖപ്പെടുത്തിയ ഡെക്കാൺ അസോസിയേറ്റ്സ് എന്ന സ്ഥാപനത്തിന്റെ ടെണ്ടർ താഴെ പറയുന്ന നിരക്കുകൾ പ്രകാരം അംഗീകരിച്ചിട്ടുണ്ട്. ആയതിനായി കോൺട്രാക്ടർ സമർപ്പിച്ച 75/18.12.2024-ാം നമ്പർ ഇൻവോയ്സ് പ്രകാരം 6,52,500 രൂപ നൽകിയിട്ടുണ്ട്.

| ക്രമ നമ്പർ | ടെണ്ടർ പ്രകാരം അറ്റകുറ്റപ്പണി നടത്തുന്ന ഇനങ്ങൾ | യൂണിറ്റ് ഒന്നിന് അംഗീകരിച്ച നിരക്ക് |
|---|---|---|
| 1 | സിംഗിൾ ട്യൂബ് ലൈറ്റ് | 270 |
| 2 | ഡബിൾ ട്യൂബ് ലൈറ്റ് | 270 |
| 3 | ഓട്ടോമാറ്റിക് എൽ ഇഡി | 270 |
| 4 | ഓർഡിനറി എൽ ഇ ഡി | 270 |
| 5 | ഓട്ടോമാറ്റിക് സി എഫ് എൽ | 270 |
| 6 | സി എഫ് എൽ | 270 |
| 7 | ഓട്ടോമാറ്റിക് ബൾബ് | 270 |
| 8 | നിലാവു റിപ്ലേസ് മെന്റ് ചാർജ്ജ് | 80 |
| 9 | മിനിമാസ്റ്റ് 100W | 6,500 |
| 10 | മിനിമാസ്റ്റ് 200W | 6,500 |
| | ആകെ | 14,970 |

ആകെ ചെലവായ 6,52,500 രൂപയുടെ ചെലവുകളുമായി ബന്ധപ്പെട്ട് താഴെ ചേർക്കുന്ന അപാകങ്ങൾ കണ്ടു.

1. പഞ്ചായത്തിൽ സൂക്ഷിച്ചിട്ടുള്ള തെരുവു വിളക്കുകളുടെ എണ്ണം രേഖപ്പെടുത്തിയ രജിസ്റ്ററിലെ ലിസ്റ്റും കരാറുകാരൻ അറ്റകുറ്റപ്പണി നടത്തിയതായി രേഖപ്പെടുത്തിയ ലിസ്റ്റും ഒന്നുതന്നെയാണ്.ആയതുപ്രകാരം വാർഡിലെ മുഴുവൻ തെരുവു വിളക്കുകളും അറ്റകുറ്റപ്പണി നടത്തിയതായി കാണുന്നു.അറ്റകുറ്റപ്പണി നടത്തിയതായി മെമ്പർമാർ സാക്ഷ്യപത്രം നല്കിയതിൽ ഭൂരിഭാഗവും എത്ര യൂണിറ്റിന്റെ എന്നോ,ഏതിനം തെരുവു വിളക്ക് എത് പോസ്റ്റിൽഅറ്റകുറ്റപ്പണി ചെയ്തുവെന്നോ കൃത്യമായി രേഖപ്പെടുത്തിയിട്ടില്ല.ടെണ്ടർ പ്രകാരം അറ്റകുറ്റപ്പണി നടത്തുന്ന ഇനങ്ങളിൽ ഹൈമാസ്റ്റ് ലാമ്പ് ഉൾപ്പെടുന്നില്ല. ആയതിനാൽ അറ്റകുറ്റപ്പണിയ്ക്ക് അനുവദിച്ച തുക എപ്രകാരം കണക്കാക്കി എന്നു വ്യക്തമല്ല.

താഴെ പറയുന്ന വാർഡുകളിൽ അറ്റകുറ്റപ്പണി നടത്തിയ തെരുവുവിളക്കുകളുടെ ലിസ്റ്റിൽ ഹൈമാസ്റ്റ് ലാമ്പുകളും, മിനിമാസ്റ്റ് ലാമ്പുകളും ഇല്ലെങ്കിലും ആയതിനു അറ്റകുറ്റപ്പണിയ്ക്ക് തുക നല്കിയതായി കാണുന്നു.

| ക്രമ | വാർഡ് | മിനിമാസ്റ്റ് | നല്കിയ | അഭിപ്രായകുറിപ്പ്. |
|---|---|---|---|---|

| നം | നമ്പർ | ലാമ്പ്/ഹൈമാസ്റ്റ് ലാമ്പ് എണ്ണം | തുക | |
|---|---|---|---|---|
| 1 | 1 | ഹൈമാസ്റ്റ് ലാമ്പ് - 1x6,500 | 6,500 | കരാറുകാരന്റെ ക്വട്ടേഷനിൽ മിനിമാസ്റ്റ് ലാമ്പ് 100watt, 200 Watt എന്നിവയ്ക്കാണ് തുക ക്വാട്ട് ചെയ്തിട്ടുള്ളത് എന്നാൽ ലിസ്റ്റിൽ ഇല്ലാത്ത ഹൈമാസ്റ്റ് ലാമ്പ് അറ്റകുറ്റപ്പണി ചെയ്തതിനാണ് തുക നല്കിയിട്ടുള്ളത്. |
| 2 | 4 | മിനിമാസ്റ്റ് ലാമ്പ്-1x6,500<br>ഹൈമാസ്റ്റ് ലാമ്പ് -1x6,500 | 6,500<br>6,500 | ഓട്ടോമാറ്റിക് ട്യൂബ് -226 അറ്റകുറ്റപ്പണി ചെയ്തതതിനു തുക അനുവദിച്ചിട്ടുണ്ട്.<br>എന്നാൽ തെരുവുവിളക്കുകളുടെ ചെക്ക് ലിസ്റ്റിൽ-30 എണ്ണം മാത്രമാണ് നല്കിയിട്ടുള്ളത്.<br>മിനിമാസ്റ്റ് ലാമ്പ്/ഹൈമാസ്റ്റ് ലാമ്പ് എന്നിവ ലിസ്റ്റിൽ ഇല്ല. |
| 3 | 6 | ഹൈമാസ്റ്റ് ലാമ്പ്-1x6,500 | 6,500 | ഹൈമാസ്റ്റ് ലാമ്പ് ലിസ്റ്റിൽ ഇല്ല. |
| 4 | 8 | മിനിമാസ്റ്റ് ലാമ്പ്-1x6,500<br>ഹൈമാസ്റ്റ് ലാമ്പ് -1x6,500 | 6,500<br>6,500 | മിനിമാസ്റ്റ് ലാമ്പ്/ഹൈമാസ്റ്റ് ലാമ്പ് എന്നിവ ലിസ്റ്റിൽ ഇല്ല. |
| 5 | 9 | മിനിമാസ്റ്റ് ലാമ്പ്-1x6,500 | 6,500 | മിനിമാസ്റ്റ് ലാമ്പ് ലിസ്റ്റിൽ ഇല്ല. |
| 6 | 10 | മിനിമാസ്റ്റ് ലാമ്പ്-1x6,500<br>ഹൈമാസ്റ്റ് ലാമ്പ് | 6,500<br>6,500 | മിനിമാസ്റ്റ് ലാമ്പ്/ഹൈമാസ്റ്റ് ലാമ്പ് എന്നിവ ലിസ്റ്റിൽ ഇല്ല. |

| | | | | |
|---|---|---|---|---|
| | | -1x6,500 | | |
| 7 | 11 | മിനിമാസ്റ്റ് ലാമ്പ്-1x6,500 | 6,500 | മിനിമാസ്റ്റ് ലാമ്പ് ലിസ്റ്റിൽ ഇല്ല. |
| 8 | 12 | മിനിമാസ്റ്റ് ലാമ്പ്-1x6,500<br>ഹൈമാസ്റ്റ് ലാമ്പ് -1x6,500 | 6,500<br>6,500 | മിനിമാസ്റ്റ് ലാമ്പ്/ഹൈമാസ്റ്റ് ലാമ്പ് എന്നിവ ലിസ്റ്റിൽ ഇല്ല. |
| 9 | 13 | മിനിമാസ്റ്റ് ലാമ്പ്-3x6,500 | 19,500 | മിനിമാസ്റ്റ് ലാമ്പ് ലിസ്റ്റിൽ ഇല്ല. |
| 10 | 14 | മിനിമാസ്റ്റ് ലാമ്പ്-1x6,500<br>ഹൈമാസ്റ്റ് ലാമ്പ് -1x6,500 | 6,500<br>6,500 | മിനിമാസ്റ്റ് ലാമ്പ്/ഹൈമാസ്റ്റ് ലാമ്പ് എന്നിവ ലിസ്റ്റിൽ ഇല്ല. |
| 11 | 16 | മിനിമാസ്റ്റ് ലാമ്പ്-2x6,500 | 13,000 | മിനിമാസ്റ്റ് ലാമ്പ് ലിസ്റ്റിൽ ഇല്ല. |
| | | ആകെ | 1,23,500 | |

തെരുവു വിളക്ക് അറ്റകുറ്റപ്പണിയുടെ ലിസ്റ്റിൽ ഇല്ലാത്തതും വാർഡ് മെമ്പർമാർ നല്കിയ സാക്ഷ്യപത്ര പ്രകാരം അറ്റകുറ്റപ്പണി നടത്തിയതിനു തുക നല്കിയതുമായ ഹൈമാസ്റ്റ് ലാമ്പുകൾ-7x6,500=45,500രൂപയും, മിനിമാസ്റ്റ് ലാമ്പുകൾ-12 X6,500=78,000 രൂപയും ആയി ആകെ 1,23,500 രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

2. സർക്കുലർ നമ്പർ 3055/DA3/2011/LSGD/15.9.2011 വ്യവസ്ഥകളിലെ കരാറുകാരന്റെ ബാദ്ധ്യതകളും അവകാശങ്ങളുടെയും നിബന്ധന (ഇ) പ്രകാരം തെരുവു വിളക്കുകളുടെ സ്ഥാപിയ്ക്കലുമായി ബന്ധപ്പെട്ട പരാതികൾ രജിസ്റ്റർ ചെയ്യുന്നതിനായി രജിസ്റ്റർ സൂക്ഷിയ്ക്കേണ്ടതും അതിൽ പരാതിക്കാരന്റെ പേര്, ലഭിച്ച പരാതികളുടെ സമയം, തീയതി, പരാതിയുടെ വിവരണം (പോസ്റ്റ് നമ്പർ ഉൾപ്പടെ) എന്നിവ സംബന്ധിച്ച രജിസ്റ്ററുകൾ അതത് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെയോ കെ.എസ്.ഇ.ബി.-യുടെയോ ഓഫീസുകളിൽ സൂക്ഷിയ്ക്കേണ്ടതാണ്. കരാറുകാരൻ എല്ലാ ദിവസവും പരാതി രജിസ്റ്റർ പരിശോധിയ്കേണ്ടതും കരാർ വ്യവസ്ഥകൾക്കനുസൃതമായി പരിഹരിയ്ക്കാൻ ആവശ്യമായ നടപടികൾ സ്വീകരിയ്ക്കേണ്ടതും ഇതു സംബന്ധിച്ച വിവരങ്ങൾ രജിസ്റ്ററിൽ രേഖപ്പെടുത്തേണ്ടതാണ്. ഇപ്രകാരം സൂക്ഷിച്ചിട്ടുള്ള രജിസ്റ്റർ ഓഡിറ്റിനു ഹാജരാക്കേണ്ടതാണ്.

3. അൺസർവീസബിൾ ഗുഡ്സ് രജിസ്റ്റർ തയ്യാറാക്കി തിരികെ ലഭ്യമാകുന്ന സാധനങ്ങളുടെ വിവരങ്ങൾ ചേർത്ത രജിസ്റ്റർ ഓഡിറ്റിനു ഹാജരാക്കേണ്ടതാണ്.

4. 21.02.2019-ലെ സർക്കുലർ നമ്പർ ഡി.എ1/17/2019/ത.സ്വ.ഭ.വ പ്രകാരം കെ.എസ്.ഇ.ബി-യുമായി സംയുക്ത പരിശോധന നടത്തുകയും ആയതിന്റെ അടിസ്ഥാനത്തിൽ പഞ്ചായത്തിലെ തെരുവു വിളക്കുകളുടെ എണ്ണം രേഖപ്പെടുത്തിയ രജിസ്റ്റർ സൂക്ഷിയ്ക്കേണ്ടതാണ്. ഇപ്രകാരം സംയുക്ത പരിശോധന നടത്തിയതിന്റെ വിവരങ്ങൾ ലഭ്യമാക്കിയിട്ടില്ല. ഓരോ വാർഡിലും ഓരോ

ഇനത്തിലും എത്ര വീതം വിളക്കുകൾ ഉണ്ട് എന്ന് വ്യക്തമാകുന്ന രീതിയിൽ തെരുവുവിളക്ക് രജിസ്റ്റർ തയ്യാറാക്കി ഓഡിറ്റിന് ഹാജരാക്കേണ്ടതാണ്.

മേൽ അപാകങ്ങൾ ചൂണ്ടിക്കാണിച്ച് നല്കിയ ഓഡിറ്റ് എൻക്വയറി (നം-6/25 തീയതി-24.01.2026)യ്ക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല.അധികം നല്കിയ തുക കരാറുകാരനിൽ നിന്നും തിരികെ ഇടാക്കി രേഖകൾ ഹാജരാക്കുന്നതു വരെ തുക 1,23,500 രൂപ തടസ്സപ്പെടുത്തുന്നു.

## 1-16 തെരുവ് വിളക്കുകൾ പൂർണ്ണമായും മീറ്ററിംഗ് നടത്തിയിട്ടില്ല

2024-25 വർഷത്തിൽ തെരുവ് വിളക്കുകളുടെ വൈദ്യുതി ചാർജ്ജിനത്തിൽ 24,75,641 രൂപ ചെലവഴിച്ചിട്ടുണ്ട്. ഗ്രാമപഞ്ചായത്തിലെ വിവിധ പ്രദേശങ്ങളിലെ ഹൈമാസ്റ്റ് ലൈറ്റുൾപ്പെടെയുള്ള എല്ലാ തെരുവു വിളക്കുകളുടെയും വൈദ്യുതി ചാർജ്ജാണ് മേൽ തുകയിൽ ഉൾപ്പെട്ടിട്ടുള്ളത്. ആകെയുള്ള വൈദ്യുതി ചാർജ്ജിൽ 15,67,308 രൂപയും അടവാക്കിയിട്ടുള്ളത് 1156918000196 എന്ന കൺസ്യൂമർ നമ്പറിലുള്ള വൈദ്യുതി ബിൽ ഇനത്തിലാണ്. മേൽ കൺസ്യൂമർ നമ്പറിൽ ഉൾപ്പെട്ട തെരുവ് വിളക്കുകളുടെ മീറ്ററിംഗ് നടത്തിയിട്ടില്ലാത്തതാണ്. പ്രസ്തുത കൺസ്യൂമർ നമ്പറിൽ ഉൾപ്പെട്ട തെരുവു വിളക്കുകളുടെ വിവരങ്ങൾ ഓഡിറ്റിന് ലഭ്യമാക്കിയിട്ടില്ല. ഓഡിറ്റിന് ലഭ്യമാക്കിയ തെരുവ് വിളക്ക് രജിസ്റ്ററിൽ ഗ്രാമപഞ്ചായത്തിലെ തെരുവുവിളക്കുകളുടെ എണ്ണം, പോസ്റ്റ് നമ്പർ എന്നിവ വാർഡ് തിരിച്ച് രേഖപ്പെടുത്തിയിട്ടുണ്ടെങ്കിലും തെരുവു വിളക്കുകളുടെ ഇനം വേർതിരിച്ച് രേഖപ്പെടുത്തിയിട്ടില്ല.

തദ്ദേശ സ്വയംഭരണ വകുപ്പിന്റെ 07.07.2010-ലെ 43742/ഡി.സി.3/2010 സർക്കുലർ പ്രകാരം തെരുവു വിളക്കുകൾക്ക് മീറ്ററിംഗ് ഏർപ്പെടുത്തുന്നത് സംബന്ധിച്ച മാർഗ്ഗരേഖ പുറപ്പെടുവിച്ചിട്ടുള്ളതാണ്. തുടർന്ന് എല്ലാ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളും കെ.എസ്.ഇ.ബി.യുടെ ടെക്നിക്കൽ സഹായത്തോടു കൂടി മീറ്ററിംഗ് സംവിധാനത്തോടു കൂടിയ ഓട്ടോമാറ്റിക് തെരുവു വിളക്കുകൾ സ്ഥാപിക്കേണ്ടതാണെന്ന് 12-03-2013 ലെ 65529/ഡി.സി.3/12 നമ്പർ സർക്കുലർ പ്രകാരം നിർദ്ദേശിച്ചിട്ടുള്ളതുമാണ്. എന്നാൽ ഗ്രാമപഞ്ചായത്തിൽ ഇപ്പോഴും തെരുവു വിളക്കുകളുടെ വൈദ്യുതി ചാർജ്ജിനത്തിലെ സിംഹഭാഗവും മീറ്ററിംഗ് ഏർപ്പെടുത്താത്ത തെരുവ് വിളക്കുകളുടെ വൈദ്യുതി ചാർജ്ജിനത്തിലാണ് അടവാക്കുന്നത്. മേൽ വിഷയം സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (23/30.01.2026) മറുപടി ലഭ്യമാക്കിയില്ല. ആയതിനാൽ ഗ്രാമപഞ്ചായത്തിലെ മുഴുവൻ തെരുവു വിളക്കുകളും മീറ്ററിംഗ് സമ്പ്രദായത്തിലേക്ക് മാറ്റേണ്ടതും കെ.എസ്.ഇ.ബി.യുമായി സംയുക്ത പരിശോധന നടത്തി തെരുവു വിളക്കുകളുടെ എണ്ണവും തരവും കൃത്യമാക്കേണ്ടതും യഥാർത്ഥത്തിൽ ഉപയോഗിക്കുന്ന തെരുവ് വിളക്കുകളുടെ വൈദ്യുതി ചാർജ്ജ് മാത്രം അടവാക്കുന്നു എന്ന് ഉറപ്പ് വരുത്തേണ്ടതുമാണ്.

## 1-17 ലൈഫ് ഭവന പദ്ധതി - ധനസഹായം കൈപ്പറ്റിയ ഗുണഭോക്താക്കൾ ഭവനനിർമ്മാണം പൂർത്തിയാക്കിയില്ല

വില്ലേജ് എക്സ്റ്റെൻഷൻ ഓഫീസർ നടപ്പിലാക്കിയ ലൈഫ് ഭവന പദ്ധതി ജനറൽ, എസ്.സി എന്നിവയുടെ വിതരണ രജിസ്റ്റർ വോള്യം 1,2 എന്നിവ പരിശോധിച്ചത് പ്രകാരം 01.04.2018 മുതൽ ധനസഹായം കൈപ്പറ്റിയ താഴെ പറയുന്ന ഗുണഭോക്താക്കൾ നാളിതു വരെ ഭവന നിർമ്മാണം പൂർത്തിയാക്കിയിട്ടില്ല.

| ക്രമനമ്പർ | ഗുണഭോക്താവിന്റെ പേരും വിലാസവും | ധനസഹായം കൈപ്പറ്റിയ തീയതി | തുക |
|---|---|---|---|
| 1 | നിഷാന്തിനി പോഴത്തിൽ വീട് | 12.10.2018 | 40,000 |
| 2 | സരിത ഞള്ളനാംകുഴിയിൽ | 16.11.2018 | 40,000 |
| 3 | മണികണ്ഠൻ ഓടുപാറക്കുന്നത്ത് | 31.03.2021 | 2,00,000 |
| | | 23.11.2022 | 1,00,000 |
| | | 24.03.2024 | 58,989 |
| 4 | സംഗീത ജയരാജ് | 21.12.2021 | 40,000 |

| | | | |
|---|---|---|---|
| | താഴത്തെതൊടി | 07.02.2022 | 1,60,000 |
| | | 28.03.2023 | 1,00,000 |
| | | 18.08.2023 | 75,000 |
| 5 | പത്മധനി പള്ളിയാൻതൊടി | 28.03.2023 | 40,000 |
| | | 18.08.2023 | 1,60,000 |
| | | 08.11.2023 | 1,00,000 |
| | | 24.03.2024 | 50,000 |
| 6 | ചന്ദ്രിക രാമൻ ഓടുപാറക്കുന്നത്ത് | 23.05.2023 | 40,000 |
| | | 19.09.2023 | 1,00,000 |
| | | 15.03.2024 | 1,10,000 |
| | | 24.03.2024 | 1,00,000 |
| 7 | രാധിക നായാടിപറമ്പിൽ വീട് | 11.07.2024 | 40,000 |

ഭവന നിർമ്മാണം പൂർത്തീകരിക്കാൻ സ്വീകരിച്ച നടപടികൾ അറിയിക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (13/30.01.2026) മറുപടിയായി ഭവനനിർമ്മാണം എത്രയും വേഗം പൂർത്തീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണെന്ന് നിർവ്വഹണ ഉദ്യോഗസ്ഥൻ അറിയിച്ചിട്ടുണ്ട്. തുടർനടപടികളുടെ വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-18 പട്ടികജാതി വിദ്യാർത്ഥികൾക്ക് ഫർണിച്ചർ - പ്രൊജക്ട് നിർവ്വഹണത്തിലെ അപാകങ്ങൾ- – 3,38,169 രൂപ തടസ്സപ്പെടുത്തുന്നു

| | |
|---|---|
| പ്രൊജക്ടിന്റെ നമ്പരും പേരും | 162/25- പട്ടികജാതി വിദ്യാർത്ഥികൾക്ക് ഫർണിച്ചർ നൽകൽ |
| അടങ്കൽ തുക (ഫണ്ടിനം) | 3,39,500 (എസ്.സി.പി.) |
| ചെലവഴിച്ച തുക | 3,38,169 |
| വൗച്ചർ നം./ തീയതി | 42401244/17-12-2024 |

ഹെഡ് മാസ്റ്റർ, ജി.യു.പി.എസ്. കിള്ളിമംഗലം നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പാക്കിയ മേൽപ്രൊജക്ട് പ്രകാരം 3-ാം ക്ലാസ്സിൽ പഠിക്കുന്ന നിർധനരായ പട്ടികജാതി വിദ്യാർത്ഥികൾക്ക് ഫർണിച്ചർ വിതരണം ചെയ്യുന്നതിനാണ് ലക്ഷ്യമിടുന്നത്. പ്രൊജക്ട് ഫയൽ പ്രകാരം 2,29,891 രൂപയ്ക്ക് 68 മേശകളും (ഇൻവോയ്സ് നം.14/07-03-2024) 1,08,278 രൂപയ്ക്ക് 69 കസേരകളും (ഇൻവോയ്സ് നം.11/07-03-2024) ഫോക്കസ് എന്റർപ്രൈസസ് എന്ന സ്ഥാപനത്തിൽ നിന്നും വാങ്ങിയിട്ടുണ്ട്. വിതരണ രജിസ്റ്റർ പ്രകാരം 65 മേശകളും കസേരകളും ഗ്രാമപഞ്ചായത്ത് പരിധിയിലെ സർക്കാർ / എയ്ഡഡ് സ്കൂളുകളിലെ 65 വിദ്യാർത്ഥികൾക്ക് വിതരണം ചെയ്തിട്ടുണ്ട്. പ്രൊജക്ട് നിർവ്വഹണത്തിലെ അപാകങ്ങൾ താഴെ ചേർക്കുന്നു.

1. വിതരണ രജിസ്റ്റർ പ്രകാരം 65 വിദ്യാർത്ഥികൾ ഫർണിച്ചർ കൈപ്പറ്റിയിട്ടുണ്ട്. എന്നാൽ വിദ്യാർത്ഥികൾ പട്ടികജാതി വിഭാഗത്തിൽപ്പെട്ടവരാണെന്നും പഠിക്കുന്ന ക്ലാസ്സും സാക്ഷ്യപ്പെടുത്തിയ അതത് സ്കൂൾ ഹെഡ്മിസ്ട്രസുമാരുടെ സാക്ഷ്യപത്രം ഫയലിൽ ഇല്ല. ആയതിനാൽ ആനുകൂല്യം അനുവദിച്ചിട്ടുള്ള ഗുണഭോക്താക്കളുടെ അർഹത ഉറപ്പു വരുത്താൻ സാധിച്ചിട്ടില്ല. വിദ്യാർത്ഥികളുടെ ജാതി , പഠിക്കുന്ന ക്ലാസ്സ് എന്നിവ തെളിയിക്കുന്ന സാക്ഷ്യപത്രം ലഭ്യമാക്കേണ്ടതാണ്.

2. 26.04.2019-ന് നിലവിൽ വന്ന സ.ഉ.(പി) 7/2019 എസ്.പി.ഡി. ഉത്തരവ് പ്രകാരം 25,000 രൂപയിൽ കൂടുതൽ മൂല്യമുള്ള വാങ്ങലുകൾ GeM (Government E-Market Place)മുഖേന ആയിരിക്കണമെന്നും, ആവശ്യമായ സ്പെസിഫിക്കേഷൻ GeM-ൽ ഇല്ലെങ്കിൽ സ്റ്റോർ പർച്ചേസ് മാന്വൽ പ്രകാരമുള്ള മറ്റ് പ്രൊക്യുർമെന്റ് മാർഗ്ഗങ്ങളായ ടെണ്ടർ/ഇ-ടെണ്ടർ നടപടികൾ സ്വീകരിക്കുന്നതിനും സർക്കാർ നിർദ്ദേശിച്ചിരുന്നു. 08.11.2010-ലെ സ.ഉ.(പി)നം.259/2010 ത.സ്വ.ഭ.വ. ഉത്തരവ് പ്രൊക്യൂർമെന്റ് മാർഗ്ഗരേഖ ഖണ്ഡിക 3.2 പ്രകാരം ഒരു ലക്ഷം രൂപയ്ക്ക് മുകളിലുള്ള വാങ്ങലുകൾക്ക് ടെണ്ടർ നടപടി സ്വീകരിക്കണം. എന്നാൽ വാങ്ങലിനായി ടെണ്ടർ നടപടികൾ സ്വീകരിച്ചത് സംബന്ധിച്ചോ GeM മുഖേന വാങ്ങലുകൾ നടത്താത്തത് സംബന്ധിച്ചോ മറ്റ് സ്ഥാപനങ്ങളുടെ നിരക്കുകളുമായി താരതമ്യം ചെയ്ത രേഖകളോ ഫയലിൽ ഇല്ല. ഫർണിച്ചർ

വാങ്ങിയതിന്റെ വാങ്ങൽ നടപടിക്രമങ്ങൾ സംബന്ധിച്ച രേഖകൾ ഒന്നും തന്നെ ഫയലിൽ സൂക്ഷിച്ചിട്ടില്ല. ആയതിനാൽ വാങ്ങൽ നടപടിക്രമങ്ങൾ സംബന്ധിച്ച രേഖകൾ ലഭ്യമാക്കേണ്ടതാണ്.

3. വിതരണ രജിസ്റ്റർ പ്രകാരം 65 ഗുണഭോക്താക്കൾക്കാണ് ഫർണിച്ചർ വിതരണം ചെയ്തിട്ടുള്ളത്. ബാക്കിയുള്ള 3 മേശകളും 4 കസേരകളും വിതരണം ചെയ്യാത്തത് സംബന്ധിച്ച് മറുപടി ലഭ്യമാക്കേണ്ടതാണ്.

പ്രൊജക്ട് നിർവ്വഹണവുമായി ബന്ധപ്പെട്ട മറ്റു അപാകങ്ങൾ താഴെ ചേർക്കുന്നു.

1. പതിനാലാം പഞ്ചവത്സരപദ്ധതികൾ തയ്യാറാക്കുന്നതിനുള്ള മാർഗ്ഗരേഖ (19.04.2022 ലെ സ.ഉ(കൈ)നം. 84/2022/ത.സ്വ.ഭ.വ.) ഖണ്ഡിക 14 പ്രകാരം വർക്കിംഗ് ഗ്രൂപ്പുകൾ മോണിറ്ററിംഗ് കമ്മിറ്റികളായി പ്രവർത്തിച്ച് പ്രൊജക്ടുകൾ ഫലപ്രദമായി മോണിറ്റർ ചെയ്യേണ്ടതാണ്. ഇത്തരത്തിൽ തയ്യാറാക്കിയിട്ടുള്ള മോണിറ്ററിംഗ് റിപ്പോർട്ട് ഫയലിൽ സൂക്ഷിച്ചിട്ടില്ല.

2. പതിനാലാം പഞ്ചവത്സര പദ്ധതി- സബ്സിഡി, ധനസഹായം, അനുബന്ധവിഷയങ്ങൾ സംബന്ധിച്ച മാർഗരേഖ (28.05.2022 ലെ സ.ഉ.(കൈ) നം. 115/2022/LSGD) ഖണ്ഡിക 2.13 പ്രകാരം സ്കൂളുകൾ, ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങൾ, ബഡ്സ് സ്കൂളുകൾ, അങ്കണവാടികൾ, നഴ്സറികൾ, ബാലവാടികൾ എന്നിവിടങ്ങളിലെ വിദ്യാർത്ഥികൾ ഗുണഭോക്താക്കളാകുന്ന സന്ദർഭത്തിൽ (ഉദാ: സ്കോളർഷിപ്പുകൾ, വിദ്യാർത്ഥികൾക്ക് ലാപ്പ് ടോപ്, പഠനോപകരണങ്ങൾ) ഗ്രാമസഭയുടെ അംഗീകാരം കൂടാതെ തന്നെ ആനുകൂല്യങ്ങൾ നൽകാവുന്നതാണ്. സ്ഥാപന മേധാവികൾ (ഹെഡ്മാസ്റ്റർ/പ്രിൻസിപ്പൽ/ഐ.സി.ഡി.എസ് സൂപ്പർവൈസർ) നൽകുന്ന ലിസ്റ്റിൽ നിന്നും അർഹരായ ഗുണഭോക്താക്കളെ കണ്ടെത്തി അതനുസരിച്ചുള്ള ഗുണഭോക്തൃ ലിസ്റ്റിന് പഞ്ചായത്ത് കമ്മീറ്റിയുടെ അംഗീകാരം വാങ്ങിയശേഷമാകണം നിർവഹണ ഉദ്യോഗസ്ഥൻ ആനുകൂല്യങ്ങൾ വിതരണം ചെയ്യേണ്ടത്. എന്നാൽ ആനുകൂല്യം ലഭിച്ച ഗുണഭോക്താക്കളുടെ ലിസ്റ്റ് ഏറ്റവും ആദ്യം കൂടുന്ന ഗ്രാമസഭയിൽ അവതരിപ്പിക്കണം. ഇത് പ്രകാരം പഞ്ചായത്ത് കമ്മിറ്റിയുടെ അംഗീകാരം വാങ്ങിയ ഗുണഭോക്തൃ ലിസ്റ്റ്, ഗ്രാമസഭ അംഗീകരിച്ച ഗുണഭോക്തൃ ലിസ്റ്റ് എന്നിവ പരിശോധനക്ക് ഹാജരാക്കിയിട്ടില്ല.

മേൽ അപാകങ്ങൾ സംബന്ധിച്ച ഓഡിറ്റ് അന്വേഷണത്തിന് (നം.20/29-01-2026) മറുപടി ലഭ്യമാക്കിയില്ല. അപാകങ്ങൾക്കുള്ള മറുപടി രേഖകൾ സഹിതം ലഭ്യമാക്കുന്നതുവരെ പ്രൊജക്ടിനായി ചെലവഴിച്ച 3,38,169 രൂപ തടസ്സപ്പെടുത്തുന്നു.

## 1-19 ഹെഡ്മാസ്റ്റർ നടപ്പിലാക്കിയ പ്രൊജക്ടുകൾ - നിർവ്വഹണത്തിലെയും രേഖകളുടെ സൂക്ഷിപ്പിലെയും അപാകങ്ങൾ- 4,00,468 രൂപ തടസ്സപ്പെടുത്തുന്നു

പൈങ്കുളം ജി.യു.പി.എസ്., കിള്ളിമംഗലം ജി.യു.പി.എസ്. എന്നിവയിലെ പ്രീപ്രൈമറി ക്ലാസ്സുകളുടെ അടിസ്ഥാന സൗകര്യം മെച്ചപ്പെടുത്തുന്നതിനായി ഹെഡ്മാസ്റ്റർ, ജി.യു.പി.എസ്., കിള്ളിമംഗലം നിർവ്വഹണം നടത്തിയ പ്രൊജക്ടുകളുടെ പരിശോധനയിൽ കണ്ടെത്തിയ അപാകങ്ങൾ താഴെ ചേർക്കുന്നു.

(I) കൂട്ട് - പൈങ്കുളം ജി.യു.പി.എസ്. പ്രീപ്രൈമറി ക്ലാസ്സുകളുടെ അടിസ്ഥാന സൗകര്യം മെച്ചപ്പെടുത്തൽ (സ്പിൽ ഓവർ)

| | |
|---|---|
| പ്രൊജക്ടിന്റെ നമ്പരും പേരും | 161/25- കൂട്ട് - പൈങ്കുളം ജി.യു.പി.എസ്. പ്രീപ്രൈമറി ക്ലാസ്സുകളുടെ അടിസ്ഥാന സൗകര്യം മെച്ചപ്പെടുത്തൽ (സ്പിൽ ഓവർ) |
| അടങ്കൽ തുക | 1,21,178 (മെയിന്റൻസ് ഫണ്ട് - റോഡ്) |
| ചെലവഴിച്ച തുക | 1,20,528 |
| വൗച്ചർ നം./തീയതി | 42401184/11-07-2024, ₹47,985<br>42401181/11-07-2024, ₹12,072<br>42401182/11-07-2024, ₹9,701<br>42401183/ 11-07-2024, ₹16,500<br>42401185/11-07-2024, ₹34,270 |

2022-23 വർഷത്തിൽ മെയിന്റൻസ് ഫണ്ടിൽ (റോഡ്)നിന്നും 5,00,000 രൂപ വകയിരുത്തിയ മേൽ

പ്രൊജക്ട് പ്രകാരം (പ്രൊ.നം.256/23) 2022-23 വർഷത്തിൽ 3,78,822 രൂപ ചെലവഴിച്ചിട്ടുണ്ട്. 2023-24 വർഷത്തിൽ തുക ചെലവഴിച്ചിട്ടില്ല. പ്രൊജക്ട് പ്രകാരം " കൂട്ട് - പ്രീ പ്രൈമറി ജി.യു.പി.എസ്. പൈങ്കുളം സ്കൂളിന് തുക കൈമാറുന്നതിന് വേണ്ടിയാണ് ഈ പദ്ധതി വിഭാവനം ചെയ്തത് " എന്നാണ് പദ്ധതി ലക്ഷ്യമായി രേഖപ്പെടുത്തിയിരിക്കുന്നത്. പ്രൊജക്ടിൽ ഉൾപ്പെട്ട പ്രവർത്തനങ്ങൾ എന്താണെന്ന് വിശദമാക്കിയിട്ടില്ല.

<u>അപാകങ്ങൾ</u>

1. മേൽ പ്രൊജക്ട് പ്രകാരം ഫ്ലോർ ടൈലുകൾ, ഇലക്ട്രിക്കൽ വയറിംഗ് മുതലായവ വാങ്ങിയിട്ടുണ്ട്. വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| വില്പനക്കാരന്റെ വിവരങ്ങൾ | ഇൻവോയ്സ് നം./തീയതി | തുക | ഇനം |
|---|---|---|---|
| യൂസഫ് മലബാർ ട്രേഡിംഗ് എൽ.എൽ.പി. | TSR/23-24/07642 /15-03-2024 | 47,985 | വാഷ് ബേസിൻ |
| വാമൻ ഇലക്ട്രിക്കൽസ് | SB/106 /22-03-2024 | 12,072 | ഇലക്ട്രിക്കൽ, വയറിംഗ് സാമഗ്രികൾ |
| കൊച്ചപ്പൻ ട്രേഡിംഗ് കമ്പനി | KTC/B2C/11830 /18-03-2024 | 9,701 | |
| സ്മാർട്ട് ഫ്ലോറിംഗ് കളക്ഷൻസ് | B-5598/09-03-2024 | 8,090 | അലുമിനിയം ഫാബ്രിക്കേഷൻ മെറ്റീരിയൽസ് |
| | B-5584/07-03-2024 | 14,622 | |
| | B-5592/08-03-2024 | 11,558 | |
| സൈബർ ഡൈൻ സിസ്റ്റംസ് | B/263/15-03-2024 | 16,500 | പ്രിന്റർ |
| | ആകെ | 1,20,528 | |

ഇവ ഉപയോഗിച്ച് നിർവ്വഹിച്ച പ്രവൃത്തികൾ എന്താണെന്നുള്ള വിവരം പ്രൊജക്ട് രേഖകളിൽ നിന്നും വ്യക്തമല്ല. അപ്രകാരം പ്രവൃത്തികൾ നിർവ്വഹിച്ചിട്ടുണ്ടെങ്കിൽ തുക നൽകിയത് എപ്രകാരമാണെന്നും വ്യക്തമല്ല. പ്രൊജക്ടിൽ ക്രമനമ്പർ 32- "നിർമ്മാണ പ്രവൃത്തിയിലൂടെ ആസ്തികൾ ആർജ്ജിക്കൽ /പുനരുദ്ധാരണ പ്രവർത്തനങ്ങൾ/മെയിന്റനൻസ് ഉണ്ടെങ്കിൽ അപ്രകാരമുള്ള ആസ്തികളുടെ വിവരങ്ങൾ" എന്ന കോളത്തിൽ രേഖപ്പെടുത്തലുകളില്ല. അതായത് മേൽ പ്രൊജക്ട് പ്രകാരം മരാമത്ത് പ്രവൃത്തികൾ ചെയ്യുന്നതിന് ലക്ഷ്യമിട്ടിട്ടില്ല എന്ന് മനസ്സിലാക്കാം. മാത്രമല്ല, മരാമത്ത് പ്രവൃത്തികൾ നിർവ്വഹിക്കപ്പെടുമ്പോൾ ഉണ്ടാകേണ്ട എസ്റ്റിമേറ്റ്, അളവുകളുടെ സാക്ഷ്യപ്പെടുത്തൽ, പ്രവൃത്തി മൂല്യനിർണ്ണയം മുതലായ വിവരങ്ങൾ പ്രൊജക്ടിൽ ഇല്ല. മാത്രമല്ല, സാധനങ്ങളുടെയും സേവനങ്ങളുടെയും വാങ്ങൽ സംബന്ധിച്ച പ്രൊക്യൂർമെന്റ് നടപടികൾ സംബന്ധിച്ച രേഖകളും ഫയലിൽ ഇല്ല.

2. പതിനാലാം പഞ്ചവത്സരപദ്ധതികൾ തയ്യാറാക്കുന്നതിനുള്ള മാർഗ്ഗരേഖ (19.04.2022 ലെ സ.ഉ(കൈ)നം. 84/2022/ത.സ്വ.ഭ.വ.) ഖണ്ഡിക 14 പ്രകാരം വർക്കിംഗ് ഗ്രൂപ്പുകൾ മോണിറ്ററിംഗ് കമ്മിറ്റികളായി പ്രവർത്തിച്ച് പ്രൊജക്ടുകൾ ഫലപ്രദമായി മോണിറ്റർ ചെയ്യേണ്ടതാണ്. ഇത്തരത്തിൽ തയ്യാറാക്കിയിട്ടുള്ള മോണിറ്ററിംഗ് റിപ്പോർട്ട് ഫയലിൽ സൂക്ഷിച്ചിട്ടില്ല.

അപാകങ്ങൾക്ക് രേഖകൾ സഹിതം മറുപടി ലഭ്യമാക്കുന്നതുവരെ പ്രൊജക്ടിനായി ചെലവഴിച്ച 1,20,528 രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

(II) 160/25- കിള്ളിമംഗലം ജി.യു.പി.എസ്. പ്രീപ്രൈമറി ക്ലാസ്സ് നവീകരണവുമായി ബന്ധപ്പെട്ട സ്റ്റാർ പദ്ധതി

| | |
|---|---|
| പ്രൊജക്ടിന്റെ നമ്പരും പേരും | 160/25- കിള്ളിമംഗലം ജി.യു.പി.എസ്. പ്രീപ്രൈമറി ക്ലാസ്സ് നവീകരണവുമായി ബന്ധപ്പെട്ട സ്റ്റാർ പദ്ധതി |
| അടങ്കൽ തുക | 2,79,995 (മെയിന്റൻസ് ഫണ്ട് - നോൺ റോഡ്) |
| ചെലവഴിച്ച തുക | 2,79,940 |

| | |
|---|---|
| വൗച്ചർ നം./ തീയതി | 42401179/11-07-2024, ₹65,280<br>42401178/11-07-2024, ₹ 27,930<br>42401180/11-07-2024, ₹42,230<br>42401177/11-07-2024, ₹78,500<br>42401208/28-10-2024, ₹50,000<br>42401245/19-12-2024, ₹16,000 |

1. മേൽ പ്രൊജക്ട് പ്രകാരം താഴെ ചേർക്കുന്ന സാധനങ്ങൾ വാങ്ങിയിട്ടുണ്ട്. എന്നാൽ വാങ്ങലുകൾ നടത്തിയതിന്റെ ക്വട്ടേഷൻ / ടെണ്ടർ / GeM മുഖേനയാണ് വാങ്ങിയതെങ്കിൽ താരതമ്യ പത്രിക മുതലായ വിവരങ്ങൾ ഫയലിൽ സൂക്ഷിച്ചിട്ടില്ല.

| വില്പനക്കാരന്റെ വിവരങ്ങൾ | ഇൻവോയ്സ് നം./തീയതി | തുക | ഇനം |
|---|---|---|---|
| ഡ്രീം ഇൻഡ്യ സ്കൂൾ എയിഡ് | DRM 1580/24-03-2024 | 65,280 | കളിയുപകരണങ്ങൾ |
| ലോഗോൺ കമ്പ്യൂട്ടേഴ്സ് | CKA\1376 \22-03-2024 | 22,230 | പ്രിന്റർ, വാക്വം ക്ലീനർ മുതലായവ |
| | CTY/1253 /15-03-2024 | 5,700 | സ്പീക്കർ, പെൻഡ്രൈവ് |
| വാമൻ ഇലക്ട്രിക്കൽസ് | SB/102/19-03-2024 | 42,230 | ഇലക്ട്രിക്കൽ വയറിംഗ് സാമഗ്രികൾ |
| എസ്.ആർ.ടി. & കമ്പനി | SRT/SV/603/2024 | 78,500 | ടോയ് ചെയർ & മൂൺ ടേബിൾ |
| ജെ.ജെ.അലുമിനിയം & ഫൈബർ സെന്റർ | A-0830/15-10-2024 | 28,147 | അലുമിനിയം ഫാബ്രിക്കേഷൻ മെറ്റീരിയൽസ് |
| | A-0831/15-10-2024 | 21,853 | |
| ലോഗോൺ കമ്പ്യൂട്ടേഴ്സ് | CKC 871/24-25 /05-12-2024 | 16,000 | ടെലിവിഷൻ |
| | ആകെ | 2,79,940 | |

2. ഇലക്ട്രിക്കൽ വയറിംഗ് സാമഗ്രികൾ, അലുമിനീയം ഫാബ്രിക്കേഷൻ സാമഗ്രികൾ മുതലായവ വാങ്ങിയിട്ടുണ്ടെങ്കിലും ഇവ ഉപയോഗിച്ച് നിർവ്വഹിച്ച പ്രവൃത്തികൾ എന്താണെന്ന് വ്യക്തമല്ല. മരാമത്ത് പ്രവൃത്തികൾ നിർവ്വഹിക്കപ്പെടുമ്പോൾ ഉണ്ടാകേണ്ട എസ്റ്റിമേറ്റ്, അളവുകളുടെ സാക്ഷ്യപ്പെടുത്തൽ, പ്രവൃത്തി മൂല്യനിർണ്ണയം മുതലായ വിവരങ്ങൾ പ്രൊജക്ടിൽ ഇല്ല. പ്രവൃത്തികൾ ചെയ്തിട്ടുണ്ടെങ്കിൽ ആയവയുടെ മൂല്യനിർണ്ണയ സാക്ഷ്യപത്രം ലഭ്യമാക്കേണ്ടതാണ്.

3. പതിനാലാം പഞ്ചവത്സരപദ്ധതികൾ തയ്യാറാക്കുന്നതിനുള്ള മാർഗ്ഗരേഖ (19.04.2022 ലെ സ.ഉ(കൈ)നം. 84/2022/ത.സ്വ.ഭ.വ.) ഖണ്ഡിക 14 പ്രകാരം വർക്കിംഗ് ഗ്രൂപ്പുകൾ മോണിറ്ററിംഗ് കമ്മിറ്റികളായി പ്രവർത്തിച്ച് പ്രൊജക്ടുകൾ ഫലപ്രദമായി മോണിറ്റർ ചെയ്യേണ്ടതാണ്. ഇത്തരത്തിൽ തയ്യാറാക്കിയിട്ടുള്ള മോണിറ്ററിംഗ് റിപ്പോർട്ട് ഫയലിൽ സൂക്ഷിച്ചിട്ടില്ല.

മേൽ അപാകങ്ങൾ സംബന്ധിച്ച ഓഡിറ്റ് അന്വേഷണത്തിന് (നം.20/29-01-2026) മറുപടി ലഭ്യമാക്കിയില്ല. അപാകങ്ങൾക്ക് രേഖകൾ സഹിതം മറുപടി ലഭ്യമാക്കുന്നത് വരെ പ്രൊജക്ടിനായി ചെലവഴിച്ച 2,79,940 രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

<u>ഓഡിറ്റ് ശിപാർശകൾ</u>

1. ഖണ്ഡിക I, II എന്നിവയിലെ പ്രവൃത്തികളുടെ മൂല്യനിർണ്ണയ സാക്ഷ്യപത്രങ്ങൾ, സാമഗ്രികൾ വാങ്ങിയതിലെ വാങ്ങൽ നടപടികൾ സംബന്ധിച്ച രേഖകൾ എന്നിവ ലഭ്യമാക്കേണ്ടതാണ്.

2. പ്രൊജക്ടുകളുടെ മോണിറ്ററിംഗ് റിപ്പോർട്ട് ലഭ്യമാക്കേണ്ടതാണ്.

3. ഖണ്ഡികയിൽ പരാമർശിച്ചിട്ടുള്ള മറ്റെല്ലാ അപാകങ്ങളും വരും വർഷങ്ങളിൽ പരിഹരിക്കേണ്ടതാണ്.

4. പതിനാലാം പഞ്ചവത്സരപദ്ധതിയിലെ വാർഷിക പദ്ധതികൾ തയ്യാറാക്കുന്നതിനുള്ള

മാർഗ്ഗരേഖയായ സ.ഉ.(കൈ)നം.84/2022/തസ്വഭവ തീയതി 19-04-2022 ഖണ്ഡിക 3.5.1(2)(i) പ്രകാരം നിർമ്മാണ പ്രവൃത്തികളുടെ പ്രൊജക്ട് തയ്യാറാക്കി നിർവ്വഹണം നടത്തേണ്ട ചുമതല എഞ്ചിനീയറിംഗ് വിഭാഗത്തിനാണ്. മേൽ നിർദ്ദേശത്തിന് വിരുദ്ധമായി സ്കൂളിലെ മരാമത്ത് പ്രവൃത്തികൾ നിർവ്വഹിക്കപ്പെട്ടിരിക്കുന്നത് ഹെഡ് മാസ്റ്റർ നിർവ്വഹണോദ്യോഗസ്ഥനായ പ്രൊജക്ടുകൾ മുഖേനയാണ്. വരും വർഷങ്ങളിൽ അപാകം പരിഹരിക്കേണ്ടതാണ്. ഈ വിഷയത്തിൽ ഭരണസമിതിയുടെ ശ്രദ്ധ ക്ഷണിക്കുന്നു.

## 1-20 ധനസഹായം കൈമാറിയ ബാങ്ക് അക്കൗണ്ടുകളും അപേക്ഷയോടൊപ്പമുള്ള ബാങ്ക് അക്കൗണ്ടുകളും വ്യത്യസ്തം

| | |
|---|---|
| പ്രൊജക്ടിന്റെ നമ്പരും പേരും | 58/25- പട്ടികജാതിക്കാരായ വിദ്യാർത്ഥികൾക്ക് ഉന്നത പഠനത്തിന് ധനസഹായം |
| അടങ്കൽ തുക | 17,00,000 (SCP- 1000000 ബ്ലോക്ക് വിഹിതം- 200000, ജില്ലാ പഞ്ചായത്ത് വിഹിതം - 500000) |
| ചെലവഴിച്ച തുക | 14,75,000 (SCP-1000000, ജില്ലാ പഞ്ചായത്ത് വിഹിതം - 475000) |
| വൗച്ചർ നം./തീയതി | 42401306/06-03-2025 ₹3,95,000<br>42401373/24-03-2025 ₹2,45,000<br>42401320/11-03-2025 ₹3,60,000<br>42401379/25-03-2025, ₹4,15,000<br>42401373/24-03-2025, ₹60,000 |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | ഹെഡ് മാസ്റ്റർ, ജി.യു.പി.എസ്. കിള്ളിമംഗലം |

പ്രൊജക്ട് നിർവ്വഹണത്തിലും രേഖകളുടെ സൂക്ഷിപ്പിലുമുള്ള അപാകങ്ങൾ താഴെ ചേർക്കുന്നു.

1. പതിനാലാം പഞ്ചവത്സര പദ്ധതി- സബ്സിഡി, ധനസഹായം, അനുബന്ധവിഷയങ്ങൾ സംബന്ധിച്ച മാർഗരേഖ (28.05.2022 ലെ സ.ഉ.(കൈ) നം. 115/2022/LSGD)ഖണ്ഡിക 2.18 പ്രകാരം ഗുണഭോക്താക്കൾക്ക് 25,000 രൂപയിൽ കുറവ് ആനുകൂല്യം നൽകുന്ന സംഗതികളിൽ കരാറിലേർപ്പെടുന്നതിന് മുദ്രപത്രം ആവശ്യമില്ലാത്തതാണ്. എല്ലാ അപേക്ഷകരിൽ നിന്നും 200 രൂപയുടെ മുദ്രപത്രം വാങ്ങി ഫയലിൽ സൂക്ഷിച്ചിട്ടുണ്ട്. എന്നാൽ മുദ്രപത്രങ്ങൾ എല്ലാം തന്നെ കരാർ വ്യവസ്ഥകൾ ഒന്നും എഴുതി ചേർക്കാതെയും കരാറിൽ ഏർപ്പെടാതെയും ശൂന്യമായാണ് ഫയലിൽ സൂക്ഷിച്ചിട്ടുള്ളത്.

2. സബ്സിഡി മാർഗ്ഗരേഖ ഖണ്ഡിക 7.2.4 പ്രകാരം വിദ്യാർത്ഥികളുടെയും കോഴ്സുകളുടെയും വർഷവും വിവരങ്ങളും രേഖപ്പെടുത്തി രജിസ്റ്റർ സൂക്ഷിക്കേണ്ടതാണ്. മേൽ രജിസ്റ്റർ പരിശോധനക്ക് ലഭ്യമാക്കിയിട്ടില്ല.

3. താഴെ ചേർക്കുന്ന വിദ്യാർത്ഥികളുടെ അപേക്ഷകളിൽ ഉള്ളടക്കം ചെയ്തിട്ടുള്ള പാസ്സ്ബുക്ക് പകർപ്പിലെ അക്കൗണ്ട് നമ്പരും ബിൽ പ്രകാരം ധനസഹായം കൈമാറിയ അക്കൗണ്ട് നമ്പരും വ്യത്യസ്തമാണ്. ധനസഹായം കൈമാറിയ ബാങ്ക് അക്കൗണ്ടിന്റെ പാസ്ബുക്ക് പകർപ്പ് ലഭ്യമാക്കിയിട്ടില്ല. വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| ക്രമനമ്പർ | ഗുണഭോക്താവിന്റെ പേര് | ഫയലിൽ സൂക്ഷിച്ചിട്ടുള്ള ബാങ്ക് അക്കൗണ്ട് | ധനസഹായം കൈമാറിയ ബാങ്ക് അക്കൗണ്ട് | അനുവദിച്ച തുക |
|---|---|---|---|---|
| 1 | സൂര്യ വി.സി. | 67199013049 (SBI) | 34033887296 (SBI) | 20,000 |
| 2 | അക്യുൻ ബാബു | 42964112300 (SBI) | 855810110008954 (Bank Of India) | 20,000 |
| 3 | ശ്രീരാഗ് പി.എം. | 110232058144 (Canara Bank) | 0600081885391900001 (CSB Bank) | 20,000 |
| 4 | അർച്ചന കെ.ആർ. | 67347945667 (SBI) | 67348047367 (SBI) | 20,000 |

| | | | | |
|---|---|---|---|---|
| 5 | നന്ദനകൃഷ്ണ എ.ആർ | 67348055083 (SBI) | 77138556131 (SBI) | 20,000 |

4. ധനസഹായം വിതരണം ചെയ്തതിന്റെ യു.ടി.ആർ നമ്പർ കാണിക്കുന്ന പത്രിക ലഭ്യമാക്കിയിട്ടില്ല. ആയതിനാൽ ധനസഹായം ഗുണഭോക്താവിന്റെ ബാങ്ക് അക്കൗണ്ടിലേക്ക് കൈമാറിയതിന്റെ കൃത്യത ഉറപ്പുവരുത്താൻ സാധിച്ചിട്ടില്ല. ആയതിനാൽ മേൽപട്ടികയിൽ പരാമർശിച്ചിട്ടുള്ള വിദ്യാർത്ഥികൾക്ക് ധനസഹായം കൈമാറിയ ബാങ്ക് അക്കൗണ്ടിന്റെ അക്കൗണ്ട് നമ്പർ കാണിക്കുന്ന പാസ്സ്ബുക്ക് പകർപ്പ് ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ്. മേൽ പരാമർശിച്ചിട്ടുള്ള അപാകങ്ങൾ വരുംവർഷങ്ങളിൽ ഒഴിവാക്കേണ്ടതാണ്.
(ഓഡിറ്റ് അന്വേഷണം നം.20/29-01-2026)

## 1-21 ശാരീരിക മാനസിക വെല്ലുവിളികൾ നേരിടുന്ന വിഭാഗക്കാരുടെ വ്യക്തിഗത ആനുകൂല്യങ്ങൾ നൽകുന്നതിന് ശ്രദ്ധിക്കേണ്ടതാണ്

വ്യക്തിഗത ആനുകൂല്യം നൽകുന്ന പ്രൊജക്ടുകളുടെ ഗുണഭോക്താക്കളിൽ കുറഞ്ഞത് മൂന്ന് ശതമാനമെങ്കിലും ശാരീരിക മാനസിക വെല്ലുവിളികൾ നേരിടുന്ന വിഭാഗക്കാർ ആയിരിക്കണമെന്ന് 04-06-2011 ലെ സ.ഉ.(സാധാ)നം. 1360/2011/തസ്വഭവ ഉത്തരവിൽ വ്യക്തമാക്കിയിട്ടുള്ളതാണ്. മേൽ ഉത്തരവിലെ നിർദ്ദേശമനുസരിച്ച് തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾ നടപ്പാക്കുന്ന കാലിവളർത്തൽ, മുട്ടക്കോഴി വളർത്തൽ തുടങ്ങിയവ ഉൾപ്പെടെയുള്ള എല്ലാ വ്യക്തിഗത തൊഴിൽ സംരംഭ പ്രൊജക്ടുകളുടെയും വീട്, വീടുകളുടെ അറ്റകുറ്റപ്പണി, വീടുകളുടെ വയറിംഗ്, സാനിറ്ററി കക്കൂസ്, കുടിവെള്ളകിണർ മുതലായ കുടുംബങ്ങളെ അടിസ്ഥാനമാക്കിയുള്ള പശ്ചാത്തല സൗകര്യ വികസന പ്രൊജക്ടുകളുടെയും ഗുണഭോക്താക്കളിൽ കുറഞ്ഞത് മൂന്ന് ശതമാനമെങ്കിലും നിർബന്ധമായും ശാരീരിക മാനസിക വെല്ലുവിളികൾ നേരിടുന്നവർ ആയിരിക്കണം. പശ്ചാത്തല സൗകര്യ വികസന പ്രൊജക്ടുകളുടെ കാര്യത്തിൽ ശാരീരിക-മാനസിക വെല്ലുവിളികൾ നേരിടുന്ന ഒരംഗമെങ്കിലുമുള്ള കുടുംബത്തെ സംവരണ ഗുണഭോക്തൃ കുടുംബമായി കണക്കാക്കാവുന്നതാണ്.

2024-25 വർഷത്തെ ഗുണഭോക്തൃ പട്ടികയിൽ മേൽ ഉത്തരവിലെ നിർദ്ദേശ പ്രകാരം ശാരീരിക മാനസിക വെല്ലുവിളികൾ നേരിടുന്ന ഗുണഭോക്താക്കളെ കുറഞ്ഞത് 3 ശതമാനമെങ്കിലും ഉൾപ്പെടുത്തിയിട്ടുണ്ടോയെന്നും വ്യക്തിഗത ആനുകൂല്യങ്ങൾ ഭവനനിർമ്മാണം , ഭവനപുനരുദ്ധാരണം, സാനിറ്ററി ടോയ്ലറ്റ് എന്നിവ ലഭ്യമാക്കിയതിന്റെയും ഇല്ലെങ്കിൽ ആയതിന്റെ കാരണവും അറിയിക്കാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (എൻക്വയറി നം.04/22.01.2026) മറുപടി ലഭ്യമാക്കിയിട്ടില്ല. ഗ്രാമപഞ്ചായത്തിലെ വിവിധ പദ്ധതികൾക്കുള്ള ഗുണഭോക്തൃലിസ്റ്റ് തയ്യാറാക്കുമ്പോൾ ഭാവിയിൽ മേൽ സർക്കാർ ഉത്തരവ് പ്രകാരമുള്ള വ്യവസ്ഥകൾ പാലിക്കേണ്ടതും വ്യക്തിഗത ആനുകൂല്യം നൽകുന്നതിന് ശ്രദ്ധിക്കേണ്ടതുമാണ്.

## 1-22 ഹെൽത്ത് ഗ്രാന്റ് വിനിയോഗം-അവലോകനം

ആരോഗ്യ മേഖല ഗ്രാന്റ്- ഉദ്ദേശ്യലക്ഷ്യങ്ങൾ

ഭരണഘടനയുടെ പതിനൊന്നാം ഷെഡ്യൂൾ പ്രകാരം പ്രാഥമികാരോഗ്യ കേന്ദ്രങ്ങളും ഡിസ്പെൻസറികളുമുൾപ്പെടെയുള്ള ആരോഗ്യ-ശുചിത്വ മേഖല, കുടുംബക്ഷേമം മുതലായവ പഞ്ചായത്തുകളുടെ ചുമതലയാണ്. ഈ മേഖലയിൽ ഫലപ്രദമായി ഇടപെടുന്നതിന് പഞ്ചായത്തുകളെ ശാക്തീകരിക്കുന്നതിന് ലക്ഷ്യമിട്ടുകൊണ്ട് പതിനഞ്ചാം ധനകാര്യ കമ്മീഷൻ പ്രാഥമികാരോഗ്യ പരിരക്ഷാ സൗകര്യങ്ങൾ മെച്ചപ്പെടുത്തുവാൻ തദ്ദേശ ഭരണ സ്ഥാപനങ്ങൾക്ക് ആരോഗ്യ മേഖല ഗ്രാന്റ് അനുവദിച്ചിട്ടുണ്ട്. 2021-22 മുതൽ 2025-26 വരെയുള്ള വർഷങ്ങളിലാണ്

ഗ്രാന്റ് അനുവദിക്കുന്നത്. കേന്ദ്ര ധനമന്ത്രാലയത്തിന്റെ 16/07/2021 ലെ OM No. 15(2) FC-XV /FCD/20-25 പ്രകാരം ആരോഗ്യ മേഖല ഗ്രാന്റുകൾ സംബന്ധിച്ച പതിനഞ്ചാം ധനകാര്യ കമ്മീഷന്റെ ശിപാർശകൾ നടപ്പാക്കുന്നതിന് പ്രവർത്തനമാർഗ്ഗരേഖ പുറപ്പെടുവിച്ചിട്ടുണ്ട്. പതിനഞ്ചാം ധനകാര്യ കമ്മീഷൻ നിർദ്ദേശിച്ചിട്ടുള്ള താഴെ ചേർക്കുന്ന സ്കീമുകൾ നടപ്പാക്കുന്നതിനാണ് ഗ്രാന്റ് അനുവദിച്ചിട്ടുള്ളത്.

ഗ്രാമീണ മേഖല

1. സ്കീം 1 - കെട്ടിടങ്ങൾ ഇല്ലാത്ത കുടുംബാരോഗ്യ ഉപകേന്ദ്രങ്ങൾക്ക് കെട്ടിടം നിർമ്മിക്കുവാൻ സഹായം.

2. സ്കീം 2 - ബ്ലോക്ക് പൊതുജനാരോഗ്യ കേന്ദ്രങ്ങൾക്ക് സഹായം.

3. സ്കീം 3 – ഗ്രാമപ്രദേശങ്ങളിലെ ആരോഗ്യ സ്ഥാപനങ്ങളിൽ രോഗ നിർണ്ണയ സൗകര്യങ്ങൾ ഏർപ്പെടുത്തൽ

4. സ്കീം 4 – ഗ്രാമപ്രദേശങ്ങളിലെ കുടുംബാരോഗ്യ കേന്ദ്രങ്ങളിലും ഉപകേന്ദ്രങ്ങളിലും ഹെൽത്ത് & വെൽനെസ് പ്രവർത്തനങ്ങൾ നടപ്പാക്കൽ

നഗര പ്രദേശം

5. സ്കീം 5 – നഗരപ്രദേശങ്ങളിലെ പ്രാഥമികാരോഗ്യ കേന്ദ്രങ്ങളിലും ഉപകേന്ദ്രങ്ങളിലും രോഗനിർണ്ണയ സൗകര്യങ്ങൾ ഏർപ്പെടുത്തൽ.

6. സ്കീം 6- അർബൻ ഹെൽത്ത് & വെൽനെസ് കേന്ദ്രങ്ങൾ

മേൽ മാർഗ്ഗരേഖയുടെ അടിസ്ഥാനത്തിൽ ആരോഗ്യ മേഖല ഗ്രാന്റ് തദ്ദേശ സ്ഥാപനങ്ങൾക്ക് കൈമാറുന്നത് സംബന്ധിച്ച നിർദ്ദേശങ്ങൾ 09-12-2021 ലെ സ.ഉ.(പി) നം. 169/2021/ധന. ഉത്തരവ് പ്രകാരം പുറപ്പെടുവിച്ചിട്ടുണ്ട്. ഇതു പ്രകാരം തദ്ദേശ വകുപ്പിന്റെ ഓരോ സ്കീമിനുമുള്ള പ്രത്യേക ബാങ്ക് അക്കൗണ്ടുകളിലേക്ക് ധനകാര്യവകുപ്പിന്റെ ബാങ്ക് അക്കൗണ്ടിൽ നിന്നും തുക ട്രാൻസ്ഫർ ചെയ്യുന്നതിന് നിർദ്ദേശിച്ചിട്ടുണ്ട്. തദ്ദേശ സ്ഥാപനങ്ങളിൽ ഓരോ സ്കീമിന്റേയും ഫണ്ടുകളുടെ വരവും ചെലവും പ്രത്യേകം നിരീക്ഷിക്കേണ്ടതും പ്രവർത്തനങ്ങൾ യഥാസമയം നിർവ്വഹിക്കപ്പെടേണ്ടതുമാണ്.

<u>പാഞ്ഞാൾ ഗ്രാമപഞ്ചായത്ത് – ആരോഗ്യമേഖലയും ഗ്രാന്റ് വിനിയോഗവും</u>

ആരോഗ്യമേഖലാ ഗ്രാന്റ് വിനിയോഗം സംബന്ധിച്ച് സ.ഉ.(സാധാ)നം.2132/22/ത.സ്വ.ഭ.വ തീയതി 31-08-2022, സ.ഉ.(സാധാ)നം. 1625/23/ത.സ്വ.ഭ.വ. തീയതി 09-08-2023 എന്നീ മാർഗ്ഗരേഖകൾ പുറപ്പെടുവിച്ചിട്ടുണ്ട്. ആയതിന്റെ അടിസ്ഥാനത്തിൽ ആരോഗ്യമേഖലാ ഗ്രാന്റ് ഉപയോഗിച്ച് പാഞ്ഞാൾ ഗ്രാമപഞ്ചായത്തിൽ 2021-22 വർഷം മുതൽ നടപ്പാക്കിയ വിവിധ പ്രവർത്തനങ്ങളെ സംബന്ധിച്ച വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

<u>ഹെൽത്ത് ഗ്രാന്റ് സ്കീം 1</u>

കെട്ടിടങ്ങൾ ഇല്ലാത്ത സബ്സെന്ററുകൾക്ക് കെട്ടിടം നിർമ്മിക്കുന്നതിനായി ഗ്രാമപഞ്ചായത്തിന് ഗ്രാന്റ് ലഭിച്ചിട്ടില്ല.

<u>ഹെൽത്ത് ഗ്രാൻറ് സ്കീം 3</u>

| ക്രമ നം. | ആരോഗ്യ ഗ്രാന്റ് വർഷം | അനുവദിച്ച തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ അവശേഷിക്കുന്ന തുക |
|---|---|---|---|---|
| 1 | 2021 - 22 | 2,70,959 (2022-23 വർഷം ലഭിച്ചു) | 2,70,778 | 181 |
| 2 | 2022 -23 | 9,00,000 (2023-24 വർഷം ലഭിച്ചു) | 3,87,489 | 5,12,511 |
| 3 | 2023-24 | 3,76,000 (2024-25 വർഷം ലഭിച്ചു) | ഇല്ല | 3,76,000 |

| | | | | |
|---|---|---|---|---|
| ആകെ | | 15,46,959 | 6,58,267 | 8,88,692 |

ഹെൽത്ത് ഗ്രാൻറ് സ്കീം 4

| ക്രമ നം. | ആരോഗ്യ ഗ്രാന്റ് വർഷം | അനുവദിച്ച തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ അവശേഷിക്കുന്ന തുക |
|---|---|---|---|---|
| 1 | 2021 - 22 | 1,06,942 (2022-23 വർഷം ലഭിച്ചു) | 1,06,596 | 346 |
| 2 | 2022 -23 | 3,78,000 (2023-24 വർഷം ലഭിച്ചു) | 3,19,970 | 58,030 |
| 3 | 2023-24 | 6,02,000 (2024-25 വർഷം ലഭിച്ചു) | ഇല്ല | 6,02,000 |
| ആകെ | | 10,86,942 | 4,26,566 | 6,60,376 |

- പാഞ്ഞാൾ ഗ്രാമപഞ്ചായത്തിനു ലഭിച്ച ഹെൽത്ത് ഗ്രാന്റിൽ സ്കീം3 യിൽ 42.55% തുകയും സ്കീം4 ൽ 39.24% തുകയും മാത്രമാണ് വിനിയോഗിച്ചിട്ടുള്ളത്. ആതുര സേവന മേഖലയിൽ പഞ്ചായത്ത് പരിധിയിലെ ഗുണഭോക്താക്കൾക്ക് മെച്ചപ്പെട്ട സേവനം ലഭിക്കുന്നതിനായി ഇക്കാര്യത്തിൽ സമയബന്ധിതമായി തുടർ നടപടികൾ സ്വീകരിച്ച് പദ്ധതി ലക്ഷ്യം കൈവരിക്കുന്നതിന് ശ്രദ്ധിക്കേണ്ടതാണ്. ഇക്കാര്യത്തിൽ ആരോഗ്യ-വിദ്യാഭ്യാസ സ്ഥിരം സമിതിയുടേയും, ഭരണസമിതിയുടേയും പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

## 1-23 ജലജീവൻ മിഷൻ പദ്ധതി അവലോകനം

21.12.2019-ലെ ജലജീവൻ മിഷന്റെ കേന്ദ്രസർക്കാർ പുറപ്പെടുവിച്ച മാർഗ്ഗരേഖ, ജലവിഭവ വകുപ്പിന്റെ 08.06.2020-ലെ സ.ഉ.(കൈ)നം. 37/2020 ഉത്തരവ് എന്നിവ പ്രകാരം 100% ഗ്രാമീണ ഭവനങ്ങൾക്കും കുടിവെള്ള കണക്ഷൻ ലഭ്യമാക്കുന്നതിനുള്ള ജലജീവൻ മിഷൻ പദ്ധതി നടത്തിപ്പിന്റെ ചുമതല ഗ്രാമപഞ്ചായത്തുകൾക്കാണ്. വില്ലേജ് വാട്ടർ & സാനിറ്റേഷൻ കമ്മിറ്റി ഗ്രാമപഞ്ചായത്ത് തലത്തിൽ വില്ലേജ് ആക്ഷൻ പ്ലാൻ തയ്യാറാക്കി ജില്ലാ വാട്ടർ & സാനിറ്റേഷൻ കമ്മിറ്റിയുടെ അംഗീകാരം വാങ്ങുന്നതിനും, ഗ്രാമപഞ്ചായത്ത് തല കർമ്മപദ്ധതിയിൽ (Village Action Plan) ഉൾപ്പെട്ട പ്രവൃത്തികൾ സമയബന്ധിതമായി നടപ്പാക്കുന്നതിന് ജില്ലാ ജല ശുചിത്വ മിഷൻ, ഗ്രാമപഞ്ചായത്ത്, പദ്ധതി നിർവ്വഹണ ഏജൻസിയായ കേരള വാട്ടർ അതോറിറ്റി എന്നിവർ ത്രികക്ഷി കരാറിൽ ഏർപ്പെടുന്നതിനും മാർഗ്ഗരേഖ ഖണ്ഡിക 3.6.(5), (6) പ്രകാരം നിർദ്ദേശിച്ചിട്ടുണ്ട്.

പാഞ്ഞാൾ ഗ്രാമപഞ്ചായത്ത് ലഭ്യമാക്കിയ ഫയൽ പ്രകാരം ഗ്രാമപഞ്ചായത്തിൽ ആകെയുള്ള 6136 വീടുകളിൽ നിലവിൽ കുടിവെള്ള കണക്ഷൻ ഉള്ള 2080 വീടുകളൊഴികെയുള്ള വീടുകളിൽ കുടിവെള്ള കണക്ഷൻ എത്തിക്കുന്നതിന്റെ ഭാഗമായി ആദ്യഘട്ടത്തിൽ 2856 വീടുകൾക്ക് കുടിവെള്ള കണക്ഷൻ ലഭ്യമാക്കുന്നതിനാണ് പദ്ധതി വിഭാവനം ചെയ്തിട്ടുള്ളത്. മേൽ പദ്ധതിക്കായി 41.2 കോടി രൂപ അടങ്കലായുള്ള പ്രൊജക്ട് റിപ്പോർട്ട് കേരള വാട്ടർ അതോറിറ്റി സമർപ്പിച്ചിട്ടുണ്ട് (EST NO:2021/12350). ഗ്രാമപഞ്ചായത്തിന്റെ 20-09-2021 ലെ 5(1) നമ്പർ തീരുമാനപ്രകാരം ജലജീവൻ മിഷൻ പദ്ധതി ഗ്രാമപഞ്ചായത്തിൽ നടപ്പിലാക്കാൻ തീരുമാനിക്കുകയും 2021-22 വർഷത്തേയ്ക്കുള്ള ഗ്രാമപഞ്ചായത്ത് തലകർമ്മ പദ്ധതിയ്ക്ക് ഗ്രാമപഞ്ചായത്ത് അംഗീകാരം നൽകുകയും പദ്ധതി നടത്തിപ്പിനായി അടങ്കൽ തുകയുടെ 15% ഗ്രാമപഞ്ചായത്ത് വിഹിതമായും 10% ഗുണഭോക്തൃവിഹിതമായും ഉറപ്പാക്കുവാൻ തീരുമാനിയ്ക്കുകയും ചെയ്തിട്ടുണ്ട്. തുടർന്ന്, പദ്ധതി അടങ്കൽ 45.10 കോടി രൂപയായി എസ്റ്റിമേറ്റ് റിവൈസ് ചെയ്തതായും ഫയലിൽ കാണുന്നു.

ഗ്രാമപഞ്ചായത്ത് സെക്രട്ടറി, കേരള വാട്ടർ അതോറിറ്റി എക്സിക്യൂട്ടീവ് എഞ്ചിനീയർ എന്നിവർ കക്ഷികളായി 29-03-2023ൽ ഏർപ്പെട്ട ഉടമ്പടി പ്രകാരം (നം.79/SE/PHC/TSR/2022-23) ജലജീവൻ മിഷൻ പദ്ധതിക്കായി പാഞ്ഞാൾ ഗ്രാമപഞ്ചായത്തിലെ 138.279 കി.മീ. റോഡ് കട്ട്

ചെയ്ത് കുടിവെള്ള വിതരണ ശൃംഖല സ്ഥാപിക്കുന്ന പ്രവൃത്തിയുടെ കരാർ M/s Kudroli Builders & Infrastructures Pvt.Ltd., Kelambika Tower, Ponda, Goa-403401 എന്ന സ്ഥാപനത്തിന് നൽകിയിട്ടുള്ളതാണ്. പദ്ധതിക്കായി കട്ട് ചെയ്യുന്ന റോഡുകൾ എൽ.എസ്.ജി.ഡി. നിഷ്കർഷിച്ചിട്ടുള്ള സ്പെസിഫിക്കേഷൻ പ്രകാരം പൂർവ്വസ്ഥിതിയിലാക്കി നൽകാമെന്ന് സമ്മതിച്ചിട്ടുള്ളതും റോഡ് കട്ടിംഗ്, റീസ്റ്റോറേഷൻ എന്നിവ നടത്തുമ്പോൾ ഉണ്ടാകാൻ ഇടയുള്ള നാശനഷ്ടങ്ങളുടെ പൂർണ്ണഉത്തരവാദിത്വം കേരള വാട്ടർ അതോറിറ്റിയ്ക്ക് ആയിരിക്കുന്നതാണെന്ന് സമ്മതിച്ചിട്ടുള്ളതുമാണ്. ജലജീവൻ മിഷൻ പദ്ധതിയ്ക്കായി ഗ്രാമപഞ്ചായത്തിൽ നടപ്പാക്കിയ പ്രൊജക്ടുകളുടെ വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| പ്രൊജക്ടിന്റെ പേരും നമ്പരും | വകയിരുത്തിയ തുക | | | ചെലവഴിച്ച തുക | | |
|---|---|---|---|---|---|---|
| | വികസന ഫണ്ട് | തനത് ഫണ്ട് | ആകെ | വികസന ഫണ്ട് | തനത് ഫണ്ട് | ആകെ |
| **വർഷം: 2020-21** | | | | | | |
| ജലജീവൻ മിഷൻ തുക കൈമാറൽ (326/21) | 4,00,000 | 13,00,000 | 17,00,000 | 4,00,000 | 0 | 4,00,000 |
| **വർഷം : 2021-22** | | | | | | |
| ജലജീവൻ മിഷന് വിഹിതം നൽകൽ രണ്ടാംഘട്ടം (224/22) | 9,00,000 | 0 | 9,00,000 | 0 | 0 | 0 |
| ജലജീവൻ മിഷൻ -തുക കൈമാറൽ (സ്പിൽ ഓവർ)- 148/22 | | 13,00,000 | 13,00,000 | | 13,00,000 | 13,00,000 |
| ജലജീവൻ മിഷൻ പദ്ധതിക്ക് ഗ്രാമപഞ്ചായത്ത് വിഹിതം നൽകലും പൈപ്പ് ലൈൻ നീട്ടലും (142/22) | 11,00,000 | 0 | 11,00,000 | 74,344 | 0 | 74,344 |
| **വർഷം : 2022-23** | | | | | | |
| ജലജീവൻ മിഷൻ പദ്ധതിക്ക് ഗ്രാമപഞ്ചായത്ത് വിഹിതം നൽകലും പൈപ്പ് ലൈൻ നീട്ടലും (22/23) (സ്പിൽ ഓവർ) | 10,25,656 | 0 | 10,25,656 | 10,25,656 | 0 | 10,25,656 |
| ജലജീവൻ മിഷന് വിഹിതം നൽകൽ രണ്ടാംഘട്ടം (24/23) (സ്പിൽ ഓവർ) | 9,00,000 | 0 | 9,00,000 | 9,00,000 | 0 | 9,00,000 |

